# വത്തിക്കാൻ തരംഗം

Vol No.32 No.11 November 2022 കെസിബിസി മീഡിയ Rs.5.00

### കഷ്ടപ്പെടുന്ന കുട്ടികൾക്കായി

ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു, പ്രത്യേകിച്ച് ഭവനരഹിതരും അനാഥരും യുദ്ധത്തിന്റെ ഇരകളുമായ കുട്ടികൾക്കുവേണ്ടി.

- ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം നവംബർ 2022





ഡോ. ജോർജ് തയ്യിൽ എഴുതിയ

# സ്വർണ്ണം അഗ്നിയിലെന്നപോലെ

ഒരു ഹൃദ്രോഗവിദഗ്ധന്റെ ജീവിത സഞ്ചാരക്കുറിപ്പുകൾ

**2022 ഡിസംബർ 2 വെള്ളി രാവിലെ 11 മണി**

എറണാകുളം **ലൂർദ് ആശുപത്രി**
**കോൺഫറൻസ് ഹാളിൽ**

പത്രപ്രവർത്തകനായി ജീവിതം ആരംഭിച്ച ഒരു ഹൃദ്രോഗവിദഗ്ധന്റെ ജീവിത സഞ്ചാരക്കുറിപ്പുകളാണ് ഈ ഗ്രന്ഥം. എഴുപതുകളുടെ ആദ്യം കൈയിൽ ഒരു ഡിഗ്രി സർട്ടിഫിക്കറ്റുമായി മ്യൂണിക് എന്ന മഹാനഗരത്തിലെത്തിയ ഒരു മൂന്നാംലോകക്കാരനെ സ്വന്തം കുടുംബത്തോടു ചേർത്തുവച്ച ഒരു മഹദ് വ്യക്തിയോടുള്ള ആദരപൂജയാണ് ഈ പുസ്തകം. നാലു പതിറ്റാണ്ടുകൾ നീണ്ട ഒരു അപൂർവ്വ ആത്മബന്ധത്തിന്റെ കഥയാണിത്. ആ മഹദ് വ്യക്തി പിൽക്കാലത്ത് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ ആയതും വിദ്യാർത്ഥി ഹൃദ്രോഗവിദഗ്ധനായതും കാലത്തിന്റെ സവിശേഷ കാരുണ്യം.




ഒരു ഡി.സി. / കറന്റ് ബുക്സ് പ്രസിദ്ധീകരണം.



മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ മെത്രാപ്പോലീത്ത)



കേരള ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ്
(സുപ്രീം കോടതി മുൻ ജഡ്ജി)



ഡോ. കെ.എസ്. രാധാകൃഷ്ണൻ
(മുൻ വൈസ് ചാൻസലർ- സംസ്കൃത സർവകലാശാല,
മുൻ ചെയർമാൻ - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ)



ഡോ. എബ്രഹാം ഇരിമ്പിനിക്കൽ
(കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി)



ഫാ. ഷൈജു അഗസ്റ്റിൻ തോപ്പിൽ
(ഡയറക്ടർ, ലൂർദ് ആശുപത്രി)



ഡോ.പോൾ പുത്തൂരാൻ
(മെഡിക്കൽ ഡയറക്ടർ, ലൂർദ് ആശുപത്രി).

വത്തിക്കാൻ തരംഗം
VATHICAN THARANGAM
November- 2022
RN. 55 178/94
പുസ്തകം- 32
Monthly
ലക്കം-11

# ഉള്ളടക്കം

- എഡിറ്റോറിയൽ. 4
- ബഹ്റൈൻ ജനതയുടെ ... 5
- സന്ദർശനം നൽകുന്ന പ്രതീക്ഷകൾ ... 10
- ബഹ്റൈൻ കത്തോലിക്കാ സമൂഹം ... 15
- പുണ്യങ്ങളുടെ പൂമല ... 20
- ഭയമില്ലാതെ ... 21
- സ്നേഹമില്ലാതെ സ്വാതന്ത്ര്യമില്ല ... 22
- ദൈവമില്ലാത്ത കുടുംബങ്ങളിലേക്ക് ... 24
- നവ തൊഴിൽ മേഖലയിലേക്ക് ... 26
- ഇതാ കുടുംബങ്ങൾക്കൊരു ... 28
- സമാധാനത്തിന്റെ ദൈവം ... 30
- വാർത്തയും ചിന്തയും 34

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

EDITORIAL




# സമാധാനത്തിന്റെ സംസ്കാരം ലോകമെങ്ങും പുലരട്ടെ

നീതിയിൽ അധിഷ്ഠിതമായ സമാധാന സംസ്കാരം പ്രചരിപ്പിക്കുകയെന്ന ആഹ്വാനവുമായി ഫ്രാൻസിസ് പാപ്പ നടത്തിയ ബഹ്റൈനിലേക്കുള്ള അപ്പസ്തോലികയാത്ര, ക്രിസ്തു വചനങ്ങളുടെ പ്രകാശത്തിലൂടെയുള്ള സാഹോദര്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും പുതിയ പാതയായി ലോകം കണ്ടുവെന്നത് ഓരോ ക്രൈസ്തവനെയും മനുഷ്യസ്നേഹിയെയും പ്രചോദിപ്പിക്കുന്നുണ്ട്. സെക്കുലർ പത്രങ്ങളിൽ ഏതാനും സെന്റിമീറ്റർ നീളം മാത്രം വരുന്ന വാർത്തകളും ഒന്നോ രണ്ടോ ചിത്രങ്ങളുമാണ് പാപ്പയുടെ ഈ 'സംവാദത്തിന്റെ യാത്ര'യെക്കുറിച്ച് മലയാള മാധ്യമങ്ങളിൽ നമുക്ക് വായിക്കാൻ കഴിഞ്ഞത്. എന്നാൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന പാപ്പയുടെ ഏക പ്രസിദ്ധീകരണമായ 'വത്തിക്കാൻ തരംഗം' ഈ അപ്പസ്തോലിക യാത്രയുടെ പൂർണ്ണമായ വിവരണവും വിശകലനങ്ങളും സഭാ വിശ്വാസികളിൽ എത്തിക്കാൻ ബാധ്യസ്ഥരാണെന്ന് കെസിബിസി മീഡിയാ കമ്മീഷന് ബോധ്യമുണ്ട്. അതുകൊണ്ടുതന്നെ ഈ സമാധാന തീർത്ഥാടനം ലക്ഷ്യമിട്ട സംവാദത്തിന്റെ മാനങ്ങൾ മാത്രമല്ല, മാനവകുലത്തിന്റെ തന്നെ സമകാലിക മുറിവുകൾക്കായുള്ള ഔഷധ ലേപനത്തിന്റെ ഫോർമുല പോലും ഈ സന്ദർശനത്തിന്റെ ദിനക്കുറിപ്പുകളിലുണ്ട്.

ഒരു ആത്മീയ നേതാവ് എത്രത്തോളം വിനീതനാകാമെന്നും, എത്രത്തോളം ഹൃദയനിറവ് ആ കൺവെട്ടങ്ങളിലൂടെ പ്രസരിപ്പിക്കാമെന്നും ഫ്രാൻസിസ് പാപ്പ ലോകത്തിന് കാണിച്ചുകൊടുത്തത് ലോക ചരിത്രനിമിഷങ്ങളായി മാറുകയായിരുന്നു. നാല് ലേഖകരുടെ റിപ്പോർട്ടുകൾ ഈ ലക്കം തരംഗത്തിലുണ്ട്. ഹൃദയങ്ങളിലേക്കുള്ള സമാധാന ദീപങ്ങളുടെ സംവഹനം എല്ലാ മനുഷ്യരുടെയും പ്രപഞ്ചത്തിന്റെ തന്നെയും അതിജീവനത്തിന് അനിവാര്യമാണെന്ന പാപ്പയുടെ ആഹ്വാനങ്ങൾ നമുക്ക് ഹൃദയം കൊണ്ട് ശ്രവിക്കാം, പ്രാർത്ഥിക്കാം



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# ബഹ്റൈൻ ജനതയുടെ ഹൃദയം കീഴടക്കി ഫ്രാൻസിസ് മാർപാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



മനാമ /വത്തിക്കാൻ: ആഗോള കത്തോലിക്കാ സഭയുടെ നിർമ്മല സ്നേഹവും കരുതലും ബഹ്റൈനിലെ വിശ്വാസി സമൂഹവുമായി പങ്കുവച്ചും മനുഷ്യത്വ ശോഭയാർന്ന മഹാ മരുഭൂമിയിൽ സാഹോദര്യത്തിന്റെ തെളിനീർ ചാലുകളൊഴുക്കാൻ പ്രചോദനമേകിയും തന്റെ മുപ്പത്തൊമ്പതാം അപ്പസ്തോലിക യാത്ര ചരിത്രസംഭവമാക്കി മാറ്റി ഫ്രാൻസിസ് മാർപാപ്പ. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമെത്തി ജീവിതായോധനത്തിന് മരുഭൂമിയെ അധിവാസ ഇടമാക്കിയ ബഹ്റൈനിലെ പ്രവാസി സമൂഹക്കൂട്ടായ്മ സാർവ്വത്രിക സഭയുടെ സജീവ അടയാളം തന്നെയാണെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി .

ബഹ്റൈനിലെ രാജ്യാന്തര വിമാനത്താവളത്തിൽ ഫ്രാൻസിസ് മാർപാപ്പയുമായി അലിറ്റാലിയയുടെ ഷെപ്പേഡ് വൺ പറന്നിറങ്ങിയപ്പോൾ പിറന്നത് പുതിയ ചരിത്രമായിരുന്നു. സാഹോദര്യത്തിന്റെയും സൗഹാർദത്തിന്റെയും പുതുയുഗപ്പിറവിയിലേക്ക് കാലെടുത്ത് വച്ച മാർപാപ്പയെ അത്യാദരങ്ങളോടെ രാജ്യം വരവേറ്റു. നാലു ദിവസം നീണ്ട സന്ദർശനത്തിലുടനീളം മാർപാപ്പ സംസാരിച്ചത് മാനവസമൂഹത്തിന് അനിവാര്യമായ സാഹോദര്യത്തെക്കുറിച്ചായിരുന്നു;പരസ്പരം സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും.




ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ അൽ ഖലീഫയും രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനം വരുന്ന കത്തോലിക്കാ സമൂഹത്തെ പ്രതിനിധീകരിച്ച് പ്രാദേശിക സഭയും ചേർന്ന് നൽകിയ ക്ഷണം സ്വീകരിച്ചുള്ള അപ്പസ്തോലിക യാത്രയായിരുന്നു ഇത്. ചരിത്രത്തിലാദ്യമായി ബഹ്റൈൻ സന്ദർശിക്കാനെത്തിയ മാർപാപ്പയ്ക്ക് ഉജ്വല സ്വീകരണം ലഭിച്ചു. സാഖിർ രാജകൊട്ടാരത്തിൽ ബഹ്റൈൻ ഭരണാധികാരി ഹമദ് ബിൻ ഈസ അൽ ഖലീഫയുമായുള്ള കൂടിക്കാഴ്ചയായിരുന്നു മാർപാപ്പയുടെ ആദ്യ ഔദ്യോഗിക പരിപാടി. ബഹ്റൈനിലെ ഉന്നത ഉദ്യോഗസ്ഥരെ ഖലീഫയുടെ സാന്നിധ്യത്തിൽ ഫ്രാൻസിസ് മാർപാപ്പ അഭിസംബോധന ചെയ്തു.ഐക്യത്തിനായി ഒന്നിച്ച് നിൽക്കാമെന്നും മാനവികതയെ തകർക്കാൻ ആരെയും അനുവദിക്കരുതെന്നും മാർപാപ്പ പറഞ്ഞു.

**പരിസ്ഥിതി സൗഹൃദ യാത്ര**

പരിസ്ഥിതി സഹൃദപരമായ അപ്പസ്തോലികയാത്രയായിരുന്നു ബഹ്റൈനിലേക്ക്. പാപ്പായുമായി വന്ന എയർബസ് എ 330 പരിസ്ഥിതി ആഘാതമില്ലാത്ത ജൈവ ഇന്ധനമാണ് ഉപയോഗിച്ചത്. യാത്രയ്ക്ക് മുൻപായി അലിറ്റാലിയ കമ്പനിയുടെ ഡയറക്ടർ ജനറൽ ഫാബിയോ മരിയ ലാസ്സെറീനി ഇതുമായി ബന്ധപ്പെട്ട 'സുസ്ഥിരതയുടെ പ്രകടനമായ' ഒരു ക്യാൻവാസ് ചിത്രം പാപ്പായ്ക്ക് കൈമാറി.
ഇറ്റലിയുടെ അധികാരപരിധിയിലുള്ള റോമിലെ ഫ്യുമിച്ചീനോ ലെയൊനാർദോ ദാവിഞ്ചി വിമാനത്താവളത്തിൽ നിന്ന് ബഹ്റൈനിലെ അവാലിയിലേക്കുള്ള യാത്രയിൽ പാപ്പാ ഗ്രീസ്, സൈപ്രസ്, ഈജിപ്ത്, ജോർദാൻ, സൗദി അറേബ്യ എന്നീ രാജ്യങ്ങളുടെ വ്യോമാതിർത്തികളിലൂടെയാണ് പറന്നത്.

ബഹ്റൈനിലേക്കുള്ള അപ്പസ്തോലിക യാത്രയ്ക്ക് തൊട്ടുമുൻപായി ഫ്രാൻസിസ് പാപ്പാ ഉക്രൈനിൽ നിന്നുള്ള മൂന്ന് അഭയാർത്ഥി കുടുംബങ്ങളെ തന്റെ വസതിയായ സാന്താ മാർത്ത ഭവനത്തിൽ സ്വീകരിച്ചിരുന്നു. റഷ്യ–ഉക്രൈൻ യുദ്ധം ആരംഭിച്ചതിനു ശേഷം



ആലപ്പുഴ രൂപത
സുപ്രസിദ്ധ തീർത്ഥാടന കേന്ദ്രം

## തുമ്പോളി സെന്റ് തോമസ് ദൈവാലയത്തിൽ

## പരിശുദ്ധ അമലോത്ഭവ മാതാവിന്റെ

# ദർശനതിരുനാൾ

**2022 നവംബർ 28 മുതൽ ഡിസംബർ 15 വരെ**



**പ്രധാന തിരുനാൾ ദിനം ഡിസംബർ 8 വ്യാഴം**

**എട്ടാമിടം ഡിസംബർ 15 വ്യാഴം**

**പരിശുദ്ധ തുമ്പോളി തീർത്ഥാടന സവിധത്തിലേക്ക്**
**ഏവർക്കും സ്വാഗതം**

ഫാ. സിജു പി. ജോബ് പള്ളിപ്പറമ്പിൽ (വികാരി)
ഫാ. ജാക്സൺ (സഹവികാരി)

**St. THOMAS CHURCH** (DIOCESE OF ALLEPPEY )
Thumploy P.O, Alappuzha-688 008, Phone-0477-2964959




ഉക്രൈനിൽനിന്ന് ഇറ്റലിയിൽ അഭയം തേടിയ ഈ മൂന്ന് കുടുംബങ്ങളും മൂന്ന് ഇറ്റാലിയൻ വീടുകളിലാണ് കഴിയുന്നത്.

മിക്കോലൈവിനടുത്തുള്ള ക്രോപ്പിവ്നിത്സ്കി പ്രദേശത്തുനിന്നുള്ള ഒരു ഓർത്തഡോക്സ് വൈദികന്റെ ഭാര്യയും പതിനെട്ടും പതിനാലും വയസുള്ള രണ്ടു കുട്ടികളും അടങ്ങുന്നതാണ് ഇതിൽ ഒരു കുടുംബം. ഇവരുടെ മൂത്ത പുത്രനും വൈദികനും ഉക്രൈനിൽ തുടരുകയാണ്. റഷ്യ ഭാഗികമായി പിടിച്ചടക്കിയ സാപോറിസ്സാസ്സിയ നഗരത്തിൽനിന്ന് രക്ഷപ്പെട്ടെത്തിയ ഒരു അമ്മയും നാലും ഏഴും വയസ്സുള്ള രണ്ടു പെൺകുട്ടികളുമടങ്ങുന്നതാണ് രണ്ടാമത്തെ കുടുംബം. കീവ് നഗരത്തിൽനിന്നുള്ള, ശാരീരികവൈകല്യം ബാധിച്ച പതിമൂന്ന് വയസുള്ള ഒരു കുട്ടിയും, അൻപത്തിമൂന്നുകാരിയായ അമ്മയും, എഴുപത്തിമൂന്ന് കാരിയായ വല്യമ്മയും ഉൾക്കൊള്ളുന്നതാണ് മൂന്നാമത്തെ കുടുംബം.

അവാലിയിലെ സാഖിർ എയർബേസിൽ എത്തിയ ഫ്രാൻസിസ് പാപ്പായെ ബഹ്റൈനിലെ അപ്പസ്തോലിക് നുൺഷോയും പ്രോട്ടോകോൾ മേധാവിയും വിമാനത്തിലെത്തി അഭിവാദ്യം ചെയ്തു. തുടർന്ന് വിമാനത്തിൽനിന്ന് പുറത്തിറങ്ങിയ പാപ്പായെ ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഇസ ബിൻ സൽമാൻ അൽ ഖലീഫയും, കിരീടാവകാശിയായ രാജകുമാരനും, പ്രധാനമന്ത്രിയും, രാജാവിന്റെ മറ്റ് മൂന്ന് മക്കളും ഒരു കൊച്ചുമകനും പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ച കുട്ടികളുടെ അകമ്പടിയോടെ സ്വീകരിച്ചു. റോയൽ ഹാളിൽ നടന്ന സ്വകാര്യ കൂടിക്കാഴ്ച്ചയ്ക്ക് ശേഷം പാപ്പായും മറ്റെല്ലാവരും അൽ അസ്ഹറിലെ വലിയ ഇമാമിനെ അഭിവാദ്യം ചെയ്തു. തുടർന്ന് വിമാനത്താവളത്തിൽ നിന്ന് രണ്ടു കിലോമീറ്റർ അകലെയുള്ള സാഖിർ രാജകൊട്ടാരത്തിലെത്തി.

രാജകൊട്ടാരത്തിലെ ഹരിതശാലയിൽ നടന്ന സ്വകാര്യ കൂടിക്കാഴ്ചയിൽ പാപ്പായ്ക്കൊപ്പം വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയേത്രോ പരോളിൻ, സബ്സ്റ്റിറ്റ്യൂട്ട് ആർച്ച്ബിഷപ് എഡ്ഗാർ പേഞ്ഞ പാറ, വത്തിക്കാൻ വിദേശകാര്യാലയത്തിന്റെ തലവൻ ആർച്ചുബിഷപ്പ് പോൾ റിച്ചാർഡ് ഗാല്ലഗർ, ബഹ്റൈനിലെ നുൺഷ്യോ തുടങ്ങിയവർ




പങ്കെടുത്തു. ഇരുകൂട്ടരും തമ്മിൽ ഉപഹാരങ്ങൾ കൈമാറിയതിന് ശേഷം, കൊട്ടാരത്തിന്റെ വിശാലമായ അകത്തളത്തിലേക്ക് പാപ്പാ ആനയിക്കപ്പെട്ടു. ബഹ്റൈനിലെ രാഷ്ട്രീയ, മത നേതൃത്വവും, നയതന്ത്രപ്രതിനിധികളും, പൊതുസമൂഹത്തിന്റെ പ്രതിനിധികളും ഉൾപ്പെടുന്ന ആയിരത്തോളം ആളുകളുടെ സാന്നിദ്ധ്യത്തിലായിരുന്നു ഈ സംഗമം. സൈനിക ബഹുമതികളോടെയാണ് പാപ്പായെ ബഹ്റൈൻ രാജകുടുംബം സ്വീകരിച്ചത്.സമ്മേളനത്തിനു ശേഷം സാഖിർ രാജകൊട്ടാരത്തിൽനിന്ന് ഏകദേശം അര കിലോമീറ്റർ മാത്രം അകലെയുള്ള തന്റെ താമസസ്ഥലത്തേക്ക് പാപ്പാ കാറിൽ യാത്ര പുറപ്പെട്ടു.

മുസ്ലീം കൗൺസിൽ ഓഫ് എൽഡേഴ്സ്, സുപ്രീം കൗൺസിൽ ഫോർ ഇസ്ലാമിക് അഫയേഴ്സ്, കിംഗ് ഹമദ് ഗ്ലോബൽ സെന്റർ ഫോർ പീസ്ഫുൾ കോ എക്സിസ്റ്റൻസ് എന്നീ സംഘടനകൾ ചേർന്നാണ് സംഗമം സംഘടിപ്പിച്ചത്. പരസ്പരസംവാദങ്ങളുടെ പാലങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, ഈ ഫോറത്തിന്റെ വിവിധ സമ്മേളനങ്ങൾ, ആഗോളസഹവാസം, മാനവികസഹോദര്യം എന്നിവ പ്രോത്സാഹിപ്പിക്കുക, കാലത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ മതനേതാക്കളുടെയും വിദ്യാധനരുടെയും പങ്ക്, മതാന്തരസംവാദങ്ങൾ, ലോകസമാധാനം നേടിയെടുക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

സമ്മേളനസ്ഥലത്തെത്തിയ പാപ്പായെ ബഹ്റൈൻ രാജാവും, അൽ–അസ്ഹറിലെ വലിയ ഇമാമും ചേർന്നാണ് സ്വീകരിച്ചത്. 'സമാധാനവൃക്ഷത്തിന്റെ ചടങ്ങ്" എന്ന് പേരിട്ട കർമ്മത്തിൽ, ഫ്രാൻസിസ് പാപ്പാ ഒരു വൃക്ഷച്ചുവട്ടിൽ സമാധാനപ്രതീകാത്മകമായി ജലമൊഴിക്കുകയും ചെയ്തു. പാപ്പായും ബഹ്റൈൻ രാജാവുമുൾപ്പെടെയുള്ള വിശിഷ്ട വ്യക്തികൾ ഉപവിഷ്ടരായിരുന്ന പ്രധാനവേദിക്ക് മുൻപിൽ ദീർഘചതുരാകൃതിയിലുള്ള രണ്ടു കൂടാരങ്ങളിലാണ് ബഹ്റൈൻ ഫോറത്തിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ വിവിധ മതങ്ങളുടെ പ്രതിനിധികൾ, പൊതുസമൂഹത്തിന്റെ പ്രതിനിധികൾ തുടങ്ങിയ നൂറുകണക്കിന് ആളുകൾ ഇരുന്നത്.




# പാപ്പയുടെ ബഹ്റൈൻ സന്ദർശനം നൽകുന്ന പ്രതീക്ഷകൾ

**ജോബി ബേബി, കുവൈറ്റ്**

ഗൾഫിലെ സഭ



നവംബർ ആദ്യവാരം ഫ്രാൻസിസ് മാർപാപ്പ ബഹ്റിനിലേക്കു നടത്തിയ അപ്പസ്തോലിക സന്ദർശനംപല കാരണങ്ങളാൽ അവിസ്മരണീയവും ചരിത്രപ്രാധാന്യമുള്ളതുമാണ്. ബഹ്റിനിലേക്കുള്ള ഒരു മാർപാപ്പയുടെ ആദ്യസന്ദർശനമായിരുന്നു അത്; ഗൾഫ് രാജ്യങ്ങളിലേക്കുള്ള രണ്ടാമത്തേതും. ബഹ്റിന്റെ ജനസംഖ്യ 15 ലക്ഷമാണ്.അതിൽ 70 ശതമാനവും മുസ്ലിംകളാണ്.വത്തിക്കാന്റെ സ്ഥിതിവിവരക്കണക്കനുസരിച്ച് (2020) കത്തോലിക്കരുടെ സംഖ്യ 1,61,000 ആണ്. അവരിൽ സിംഹഭാഗവും വിദേശരാജ്യങ്ങളിൽനിന്നു തൊഴിലാളികളായി എത്തിയിട്ടുള്ളവരാണ്.ഗൾഫ് രാജ്യങ്ങളിൽ ആദ്യമായി ഒരു കത്തോലിക്കാ ദേവാലയം പണിയുന്നത് ബഹ്റിനിലാണ്, 1939ൽ.തലസ്ഥാനമായ മനാമയിൽ ബഹ്റിൻ അമീർ ഷെയ്ക്ക് ഹമദ് ബിൻ ഇസാ അൽ ഖലിഫ സംഭാവന ചെയ്ത സ്ഥലത്താണ് അതു നിർമിച്ചിരിക്കുന്നത്.

**വന്നത് സമാധാനദൂതുമായി**

ബഹ്റിനിലെ ചെറിയ കത്തോലിക്കാ സമൂഹത്തെ കാണുക മാത്രമായിരുന്നില്ല മാർപാപ്പയുടെ സന്ദർശനോദ്ദേശ്യം.സമാധാനദൂതുമായിട്ടാണു താൻ വരുന്നതെന്നു മാർപാപ്പ ബഹ്റിനിലെ തന്റെശ ആദ്യത്തെ പ്രസംഗത്തിൽത്തന്നെ വ്യക്തമാക്കി.സാഹോദര്യ



വിശുദ്ധിയിലേക്കുള്ള യാത്ര
പിഴല ദൈവാലയത്തിൽ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ
തിരുനാൾ
മഹാമഹം
2022
നവംബർ 30 മുതൽ
ഡിസംബർ 4 വരെ
നവനാൾ നൊവേന
2022 നവംബർ
21 മുതൽ 29 വരെ
400
1622-2022
വിശുദ്ധിയിലേക്കുള്ള യാത്ര
ST. FRANCIS XAVIER'S CHURCH
PIZHALA
പൂർണ ദണ്ഡ വിമോചനം – 2023 മാർച്ച് 12 വരെ
40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന – നവംബർ 17, 18 | തിരുസ്വരൂപ സ്വീകരണം – നവംബർ 19
1,44,000 അനുഗ്രഹത്തിന്റെ നൊവേന സമാപനം– നവംബർ 19
ക്രിസ്തുരാജന്റെ തിരുനാൾ – നവംബർ 20
നവനാൾ നൊവേന – നവംബർ 21 മുതൽ നവംബർ 29 വരെ
വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ – നവംബർ 30 മുതൽ ഡിസംബർ 4 വരെ

വും സഹവർത്തിത്വവും കൂടാതെ മനുഷ്യരാശിക്കു മുന്നോട്ടു പോകാൻ സാധിക്കുകയില്ലെന്നു മാർപാപ്പ ലോകത്തോടു വിളിച്ചുപറയാൻ ആഗ്രഹിച്ചു.മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമായി ബൈബിൾ വിശേഷിപ്പിക്കുന്ന പ്രവാചകനെപ്പോലെ, സമാധാനം പുലരേണ്ടതിന്റെ അനിവാര്യതയാണ് അദ്ദേഹത്തിന്റെ പ്രസംഗവിഷയം. മതങ്ങളും രാജ്യങ്ങളും ജനവിഭാഗങ്ങളും വ്യക്തികളും തമ്മിൽ നിലനിൽക്കുന്ന അസ്വസ്ഥതകളും പടലപിണക്കങ്ങളും മത്സരങ്ങളും വിദ്വേഷങ്ങളുമൊക്കെ ലോകസമാധാനത്തിനു വിഘാതമാണ്. ഭീകരവാദങ്ങളും പ്രാദേശിക യുദ്ധങ്ങളും അരങ്ങുതകർക്കുമ്പോൾ അരുതേ യുദ്ധം, 'അരുതേ ഭ്രാതൃഹത്യ' എന്നു വിളിച്ചുപറയുകയാണ് മാർപാപ്പ.

ബഹ്റിനിൽ നടന്ന സംവാദസമിതിയുടെ,കിഴക്കും പടിഞ്ഞാറും സഹവർത്തിത്വത്തിന് എന്ന പേരിൽ നടത്തിയ സമ്മേളനത്തിന്റെ സമാപനത്തിൽ സന്ദേശം നൽകുകയായിരുന്നു പാപ്പായുടെ സന്ദർശനത്തിന്റെ മുഖ്യോദ്ദേശ്യം.ഇത്തരം സന്ദർശനങ്ങളിലെ നയതന്ത്ര മര്യാദകൾ പ്രകാരം മാർപാപ്പ രാജ്യത്തെയും രാജാവിനെയും പ്രശംസിക്കുകയും വെള്ളപൂശുകയുമാവും ചെയ്യുക എന്ന് യൂറോപ്യൻ മാധ്യമങ്ങൾ മുൻകൂട്ടി എഴുതിയതിൽ അതിശയമില്ല.എന്നാൽ,വാർധക്യസഹജമായ അവശതകൾ അലട്ടുന്ന 85കാരനായ പാപ്പാ,ചക്രക്കസേരയിൽ സഞ്ചരിക്കേണ്ട വേദനകൾ ഉണ്ടായിട്ടും ബുദ്ധിമുട്ടേറിയ ഈ യാത്ര ഏറ്റെടുത്തത് പ്രവാചകതുല്യമായ ധീരതയും നീതിബോധവും ആർജവവും ഉള്ളതുകൊണ്ടാണെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ തെളിയിച്ചു.മതനേതാക്കൾ മനുഷ്യരാശിയെ സേവിക്കേണ്ടവരാണെന്ന് അദ്ദേഹം പറഞ്ഞു.സഹോദരസ്നേഹത്തിന്റെ പുതിയൊരു സംസ്കാരം കെട്ടിപ്പടുത്തുകൊണ്ട് ലോകസമാധാനം സാധ്യമാക്കാമെന്ന ശുഭപ്രതീക്ഷ മുറ്റുന്ന വാക്കുകളാണ് പാപ്പായിൽനിന്നു ലോകം കേട്ടത്.

**മതസ്വാതന്ത്ര്യം മഹത്വത്തിന്റെ ഭാഗം**

മതസ്വാതന്ത്ര്യം അടിസ്ഥാനപരമായി മനുഷ്യവ്യക്തിയുടെ മഹത്വത്തിന്റെ ഭാഗമാണെന്നാണ് ഫ്രാൻസിസ് പാപ്പാ കരുതുന്നത്.അടിച്ചേൽപ്പിക്കപ്പെടുന്ന മതവിശ്വാസം ദൈവവുമായി അർഥപൂർണമായ ബന്ധത്തിൽ ഏർപ്പെടാൻ മനുഷ്യനെ സഹായിക്കുകയില്ല. നിർബന്ധിത മതപരിവർത്തനം ദൈവത്തിനുതന്നെയും അസ്വീകാര്യമാണ്. അവിടത്തെ മഹത്വത്തിനു നിരക്കുന്നതുമല്ല.കാരണം,മനുഷ്യസ്വാതന്ത്ര്യത്തെ വിലമതിക്കുന്നവനാണു ദൈവം.മനുഷ്യനെ അടിമകളായല്ല ദൈവം സൃഷ്ടിച്ചിരിക്കുന്നത്, സ്വതന്ത്രരായാണ്.മതത്തിന്റെ പേരിലുള്ള അതിക്രമങ്ങളെ മാർപാപ്പ നിശിതമായി വിമർശിച്ചു. "ഒരു മതം സമാധാനത്തിന്റേതാണെന്നു പറഞ്ഞാൽ പോരാ, മതത്തെ ദുരുപയോഗിക്കുന്നവരെ അപലപിക്കുകയും ഒറ്റപ്പെടുത്തുകയും വേണം.അസഹിഷ്ണുതയിൽനിന്നും തീവ്രവാദത്തിൽനിന്നും അകന്നുനിന്നാൽ പോരാ, അവയെ നേരിടുകതന്നെ വേണം" –പാപ്പാ പറഞ്ഞു. മതവിശ്വാസികൾ സമാധാനത്തിന്റെ ആളുകളായിരിക്കണമെന്ന് അദ്ദേഹം വിശദമാക്കി.മുസ്ലിം മതനേതാക്കളുമായുള്ള കൂടിക്കാഴ്ചയിലും മാർപാപ്പ ഇക്കാര്യങ്ങൾ അടിവരയിട്ടു പറഞ്ഞു."സമാധാനത്തിന്റെ ദൈവം ഒരിക്കലും വെറുപ്പു പരത്തുകയോ അക്രമത്തെ പ്രോത്സാഹിപ്പിക്കുകയോ ഇല്ല.സമാധാനം സ്ഥാപിക്കാനുള്ള ഉപാധികളായ കൂടിവരവുകളും ക്ഷമാപൂർവകമായ ഇടപെടലുകളും സംവാദങ്ങളും വഴി സമാധാനം വളർത്താനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.സംവാദമാണ് സമൂഹജീവിതത്തിന്റെ പ്രാണവായു"– ഇസ്ലാമുമായുള്ള ചർച്ച ഫ്രാൻസിസ് പാപ്പായുടെ പ്രത്യേക താത്പര്യമാണ്.വിശ്വസാഹോദര്യ–സഹവർത്തിത്വത്തെപ്പറ്റി പറയുക മാർപാപ്പയുടെ യാത്രോദ്ദേശ്യങ്ങളിൽ ഒന്നായിരുന്നു.




മാർപാപ്പയുടെ ബഹ്റിൻ യാത്രയെ ചില മനുഷ്യാവകാശ സംഘടനകൾ മുൻകൂട്ടി വിമർശിച്ചിരുന്നു. ഭരണകൂടത്തിനു ക്ലീൻ ചിറ്റ് കൊടുക്കുമോ എന്നതായിരുന്നു അവരുടെ ഭയം. എന്നാൽ, രാജാവ് ഹമദ് ബിൻ ഇസാ അൽ ഖാലിഫായുടെ സാന്നിധ്യത്തിൽത്തന്നെ മതസ്വാതന്ത്ര്യത്തെപ്പറ്റി പാപ്പാ സംസാരിച്ചു.ബഹ്റിൻ ജനതയിൽ ബഹുഭൂരിപക്ഷവും ഷിയാക്കളാണെങ്കിലും രാജ്യ നേതൃത്വത്തിൽ സുന്നികളാണുള്ളത്. ഷിയാകളെ  അടിച്ചമർത്തുന്നു എന്ന ആരോപണം ശക്തമാണ്; ചില നേതാക്കൾ തടവറയിലാണുതാനും. മതാടിസ്ഥാനത്തിലുള്ള വിവേചനം രാജ്യത്തിന്റെ  ഭരണഘടനയ്ക്കു വിരുദ്ധമാണെന്നു പാപ്പാ രാജാവിനെ ഓർമിപ്പിച്ചു. "ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും ഒരേ മഹത്വവും ഒരേ അവസരവും ലഭിക്കണം.ഓരോ മനുഷ്യവ്യക്തിയും അംഗീകരിക്കപ്പെടണം. എങ്കിലേ വിവേചനം അവസാനിക്കുകയും മനുഷ്യന്റെ മൗലികാവകാശങ്ങൾ മാനിക്കപ്പെടുകയും ചെയ്യൂ"–അർഥശങ്കയ്ക്കിടയില്ലാതെ പാപ്പാ പ്രഖ്യാപിച്ചു.

ബഹ്റിനിൽ ഇപ്പോഴും നിലവിലുള്ള വധശിക്ഷയെയും ഫ്രാൻസിസ് മാർപാപ്പ പരാമർശിച്ചു. തൊഴിലിടങ്ങളിലെ അനീതിപരമായ സംവിധാനങ്ങളും തിരുത്തപ്പെടേണ്ടതാണ്. പാപ്പാ പറഞ്ഞു: "തൊഴിൽ ധനസമ്പാദനത്തിനു മാത്രമുള്ള ഉപാധിയായി ഇന്നു ചുരുങ്ങിയിരിക്കുകയാണ്. അതുകൊണ്ട് നിയതവും മനുഷ്യമഹത്വത്തിന് അനുഗുണവുമായ തൊഴിൽ വ്യവസ്ഥകൾ എല്ലായിടത്തും ഉണ്ടായേ തീരൂ."

**കേരളീയ ക്രൈസ്തവർ**

മടക്കയാത്രയിൽ വിമാനത്തിൽ നടത്തിയ പത്രസമ്മേളനത്തിലും ഫ്രാൻസിസ് മാർപാപ്പ തന്റെ ബഹ്റിൻ പ്രസംഗങ്ങളുടെ തുടർച്ചയെന്ന നിലയിലാണു സംസാരിച്ചത്.അൽ അസ്ഹറിലെ ഗ്രാൻഡ് ഇമാമുമായും ഇസ്താംബൂളിലെ പാത്രിയർക്കീസ് ബർത്തലോമോചയുമായും നടത്തിയ ഇസ്ലാം, എക്യുമെനിക്കൽ സമ്മേളനങ്ങൾ അദ്ദേഹം അനുസ്മരിച്ചു.സാഹോദര്യവും സഹവർത്തിത്വവും സാധ്യമാണ് എന്നു കാണിച്ചുതരുന്ന കൂട്ടായ്മകളും സംവാദങ്ങളുമായിരുന്നു അവ. ബഹ്റിനിലെ ക്രൈസ്തവരെക്കുറിച്ചു പറഞ്ഞപ്പോൾ കേരളത്തിൽനിന്നുള്ള ഇന്ത്യക്കാർ എന്നു പറഞ്ഞതു ശ്രദ്ധേയമായി. ഇസ്ലാമുമായുള്ള അദ്ദേഹത്തിന്റെ സംവാദത്തിന് അബുദാബിയിലും ബാഗ്ദാദിലും കസാക്കിസ്ഥാനിലും നടത്തിയ സന്ദർശനങ്ങൾ ഉതകിയിട്ടുണ്ട്.



**2022 നവംബർ മൂന്നു മുതൽ ആറു വരെ പരി. പിതാവ് ഫ്രാൻസീസ് പാപ്പ വലിയ മുസ്ലീം ഭൂരിപക്ഷമുള്ള ഒരു ചെറിയ രാജ്യമായ ബഹറിനിലേക്ക് നടത്തിയ അപ്പസ്തോലിക യാത്രക്ക് ശേഷം നടത്തിയ പൊതുകൂടിക്കാഴ്ചയെക്കുറിച്ച് ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ വീഡിയോ പ്രഭാഷണം. വീഡിയോ കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക**

ഇറാനിലെ സ്ത്രീകളുടെ സമരത്തെക്കുറിച്ചുള്ള ചോദ്യത്തിനുത്തരമായി അദ്ദേഹം, സ്ത്രീ–പുരുഷ സമത്വം ദൈവനിശ്ചിതമാണെന്നു ചൂണ്ടിക്കാട്ടി.പ്രശ്നങ്ങൾ പരിഹരിക്കാനും ഉത്തരങ്ങൾ കണ്ടെത്താനും സ്ത്രീകൾക്കുള്ള സ്വതസിദ്ധമായ കഴിവിനെപ്പറ്റി മാർപാപ്പ വാചാലനായി. സ്ത്രീ,സ്ത്രീയായിത്തന്നെ ജീവിക്കണം.അവൾ പുരുഷനെപ്പോലെ ആകേണ്ടതില്ല.

**ലോകയുദ്ധങ്ങളിൽ വേദനയോടെ**

ഒരേ നൂറ്റാണ്ടിൽത്തന്നെ മൂന്നു ലോകയുദ്ധങ്ങളിൽ ഏർപ്പെടുന്ന ലോകരാജ്യങ്ങളെപ്പറ്റി മാർപാപ്പ ഉത്കണ്ഠാകുലനാണ്.ലെബനൻ തന്നെ വേദനിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു.യുക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കാൻ റഷ്യൻ എംബസിയിൽ പോയ കാര്യം അദ്ദേഹം ഓർമിച്ചു. യെമനിലും മ്യാൻമറിലും സിറിയയിലും നടക്കുന്ന വിനാശകരമായ സംഘർഷങ്ങൾ അവസാനിപ്പിക്കേണ്ട സമയമായി. ആയുധനിർമാണവും വ്യവസായവും ലോകം നേരിടുന്ന വലിയ ഭീഷണിയാണ്. ആയുധവ്യാപാരത്തിനു പകരം അഗതികൾക്ക് അന്നംനൽകാനാണു നാം ശ്രമിക്കേണ്ടത്.ഇറ്റലിയിൽ അധികാരത്തിലെത്തിയ വലതുപക്ഷ സർക്കാരിനെക്കുറിച്ചു പറയവേ, യൂറോപ്പ് നേരിടുന്ന അഭയാർഥിപ്രശ്നവും പരാമർശിക്കപ്പെട്ടു. അഭയാർഥിപ്രശ്നം അതതു രാജ്യത്തുതന്നെയാണു പരിഹരിക്കേണ്ടത്, യൂറോപ്പിലല്ല. നീതിപൂർവകമായ വികസനവും സമാധാനവും ആ ദേശങ്ങളിൽ സംജാതമാകണം.ജർമനിയെക്കുറിച്ചുള്ള വിശകലനത്തിൽ അദ്ദേഹം പറഞ്ഞു: "അവിടെ മഹത്തരവും സുന്ദരവുമായ ഒരു പ്രൊട്ടസ്റ്റന്റ് സഭയുണ്ട്, മറ്റൊരു പ്രൊട്ടസ്റ്റന്റ് സഭയുടെ ആവശ്യമില്ല. ഒരു കത്തോലിക്കാ സഭയാണ് അവിടെ ആവശ്യമായിട്ടുള്ളത്."സമകാലിക ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ സമാധാനദൂത് വിദ്വേഷത്തിലും മത്സരത്തിലും രക്തച്ചൊരിച്ചിലിലും ഉത്തരം തേടുന്ന ലോകജനതയ്ക്ക് എന്നുമൊരു ഉണർത്തുപാട്ടാണ്. ❍


കെ. സി. ബി. സി. മീഡിയകമ്മീഷൻ

**മധുരം സായന്തനം**

**2022 ഡിസംബർ 16**

**വെള്ളി 4 മണിക്ക്**




# ബഹ്റൈൻ കത്തോലിക്കാ സമൂഹം സാർവ്വത്രിക സഭയുടെ അടയാളം

**മാത്യു ജോൺ ബഹ്റൈൻ**

ബഹ്റൈനിലെ പ്രാദേശിക സഭയെ അകമഴിഞ്ഞു പ്രോൽസാഹിപ്പിച്ച ഫ്രാൻസിസ് പാപ്പാ, ഏതാണ്ട് 111 രാജ്യങ്ങളിൽ നിന്ന് അവിടെയുള്ള 30,000 വിശ്വാസികൾക്കായി ദിവ്യബലിയർപ്പിച്ചു. ഇത് ഒരു പാപ്പാ ഈ ഉപദ്വീപിൽ അർപ്പിക്കുന്ന രണ്ടാമത്തെ ദിവ്യബലിയായിരുന്നു. ആദ്യ ദിവ്യപൂജ ഫ്രാൻസിസ് പാപ്പാ തന്നെ 2019 ൽ അബുദാബിയിൽ അർപ്പിച്ചതാണ്. ഇന്ന് ലോകത്തെ വരിഞ്ഞുമുറുക്കുന്ന അക്രമത്തിന് അറുതി വരുത്താൻ എപ്പോഴും എല്ലാവരേയും സ്നേഹിക്കുന്നതിലൂടെ കഴിയുമെന്ന് ദിവ്യബലി മധ്യേ ഫ്രാൻസിസ് പാപ്പാ പറഞ്ഞു.

യോഹന്നാന്റെ സുവിശേഷം ഏഴാം അധ്യായം മുപ്പത്തിയേഴ മുതലുള്ള തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് മാർപാപ്പ തന്റെ ഔദ്യോഗിക സന്ദേശം ആരംഭിച്ചത്. മരുഭൂമികൾ ഏറെയുള്ള ബഹ്റൈൻ ദേശത്തിന്റെ പ്രത്യേകതകൾ മാർപാപ്പയുടെ വാക്കുകളിൽ പല തവണ പ്രതിഫലിച്ചു.'മരുഭൂമികൾക്കിടയിൽ നിശബ്ദമായി നാടിന് ജീവൻ നൽകി ഒഴുകുന്ന നീരുറവകളെ പോലെയാണ് ഓരോ ക്രിസ്ത്യാനിയുടെയും ജീവിതസാക്ഷ്യം മറ്റുള്ളവരിൽ ജീവനായി മാറേണ്ടത്.ദുർബലവും, ഭയാനകവും, വെല്ലുവിളികൾ നിറഞ്ഞതുമായ ഈ കാലഘട്ടത്തിൽ ആത്മാവിന്റെ മധുരമേറിയ ജീവജലം നമ്മിലൂടെ ഒഴുകുവാൻ നമ്മെത്തന്നെ വിട്ടുകൊടുക്കണം. ഈ ജലമാണ് നമ്മുടെ ജീവിതത്തിന് ആത്യന്തികമായ സന്തോഷം പ്രദാനം ചെയ്യുന്നത്.'




**പരിശുദ്ധാത്മ ദാനം**

സുവിശേഷഭാഗത്തിന്റെ ഉള്ളടക്കങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുൻപ്, പാപ്പാ ഈശോയുടെ ഈ വചനങ്ങൾക്ക് അടിസ്ഥാനമായി നിലകൊണ്ട പശ്ചാത്തലം വിവരിച്ചു. പ്രധാന തിരുനാളിന്റെ അവസരത്തിൽ പഴയ നിയമ ഉടമ്പടിയുടെ അനുസ്മരണമായി ജനം തങ്ങൾക്ക് ലഭിച്ച വിളവുകൾക്കും, ഭൂമിക്കുമായി ദൈവത്തെ സ്തുതിക്കുന്ന അവസരത്തിൽ പ്രധാനപുരോഹിതൻ സിലോഹ കുളത്തിൽനിന്നും ജലമെടുത്ത് ജറുസലേമിന്റെ മതിലിനു പുറത്തേക്ക് തളിക്കുന്നു.ജെറുസലേമിൽനിന്നുംഎല്ലാവിധ അനുഗ്രഹങ്ങളും വരുന്നുവെന്ന് കാണിക്കാനാണ് ഇപ്രകാരം ഒരു രീതി അനുവർത്തിച്ചുപോന്നത്. ഇതുപോലെ ജലത്തിന്റെ ഉറവയെ സംബന്ധിക്കുന്ന നിരവധി ഭാഗങ്ങൾ പഴയ നിയമത്തിൽ കാണാനാകും.

പുതിയ നിയമത്തിൽ ക്രിസ്തു തന്നെ ഇപ്രകാരം തന്റെ ജീവനാകുന്ന ഉറവയെപ്പറ്റി സംസാരിക്കുന്നു. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവർ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.(യോഹ. 7,37).ക്രിസ്തു തന്റെ ആത്മാവാകുന്ന ജീവജലത്തെപ്പറ്റിയാണിവിടെ സംസാരിക്കുന്നത്. തന്റെ വിലാവിൽനിന്നു വന്ന രക്തവും വെള്ളവും മനുഷ്യനെ തന്റെ പാപത്തിൽ നിന്നും, മരണത്തിൽ നിന്നും രക്ഷിക്കുന്ന ആത്മാവിന്റെ പ്രതീകമാണ്. ഇപ്രകാരം യേശുവിന്റെ ആത്മാവിൽ നാം സംരക്ഷിക്കപ്പെടുന്നുവെന്ന ആശ്വാസദായക വചനമാണ് മാർപാപ്പ ജനങ്ങൾക്ക് നൽകിയത്.

ഈശോയുടെ വിലാവിൽനിന്നുമൊഴുകിയ രക്തവും വെള്ളവും, പരിശുദ്ധാത്മാവിന്റെ അടയാളങ്ങളെന്നതുപോലെ, ഇതേ ആത്മാവിന്റെ അഭിഷേകത്താലാണ് പരിശുദ്ധ സഭയുടെ തുടക്കവും.പരിശുദ്ധാത്മാവിനാൽ നാം പുതിയ സൃഷ്ടികളായി മാറുന്നു. നാം ക്രിസ്ത്യാനികളായി ജനിച്ചതും ജീവിക്കുന്നതും നമ്മുടെ ആരുടെയും വ്യക്തിപരമായ മഹത്വം കൊണ്ടല്ല മറിച്ച് മാമോദീസായെന്ന കൂദാശയാൽ നാം ആത്മാവിന്റെ ജീവജലത്താൽ അഭിഷേകംചെയ്യപ്പെടുന്നു. ഈ ജീവജലം നമ്മെ പുതിയ സൃഷ്ടികളാക്കുന്നു ഒപ്പം ദൈവത്തിന്റെ മക്കളെന്ന നിലയിലേക്ക് ഉയർത്തുന്നു. മൂന്നു തരത്തിലുള്ള പരിശുദ്ധാത്മഅഭിഷേകമാണ് പ്രത്യേകമായും മാർപാപ്പ എടുത്തു പറഞ്ഞത്: ആനന്ദം, ഐക്യം, പ്രവാചകത്വം.




**ആനന്ദത്തിന്റെ ഉറവ**

എപ്പോഴും മരുഭൂമിയിലെന്നപോലെ നമ്മുടെ വരണ്ട ജീവിതാനുഭവങ്ങളിലേക്ക് ആനന്ദത്തിന്റെ നീരുറവയായി ആത്മാവ് കടന്നുവരുന്നു. ഈ മരുഭൂമിയനുഭവം ഏറ്റവുമധികം അനുഭവിക്കുന്ന നിമിഷങ്ങൾ ഒറ്റപ്പെടലിന്റേതാണ്.ഏകാന്തതയുടെ ദുർബലനിമിഷങ്ങളിൽ നമ്മുടെ ആശ്വാസകനായി പരിശുദ്ധാത്മാവ് എത്തുമ്പോൾ ശക്തിയും, ധൈര്യവും നമ്മിൽ നിറയുക മാത്രമല്ല, ജീവിതത്തെ കുറിച്ചുള്ള പുതിയ പുതിയ കാഴ്ചപ്പാടുകളിലേക്ക് പോലും വളരുവാൻ നമുക്ക് സാധിക്കുന്നു. ആത്മാവിന്റെ ഈ സന്തോഷം, ഈ ലോകം നമുക്ക് നൽകുന്ന നൈമിഷികവും നശ്വരവുമായ വൈകാരികസുഖമല്ല പ്രദാനം ചെയ്യുന്നത് മറിച്ച് എല്ലാത്തരം മാനുഷികദുർബലതകൾക്കുമപ്പുറം ദൈവവുമായി ഒരു ബന്ധം സ്ഥാപിക്കാനും അവന്റെ സാമീപ്യം എപ്പോഴും അനുഭവിക്കാനുമുള്ള ഒരു സ്വർഗീയാനന്ദമാണ്.

ആത്മാവിന്റെ ദാനമായ സന്തോഷം നമ്മെ ഒരു കൂട്ടായ്മയിലേക്ക് നയിക്കുന്നു. ബഹ്റൈനിലെ ക്രൈസ്തവകൂട്ടായ്മയും ഇപ്രകാരം പരിശുദ്ധാത്മാവിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന് മാർപാപ്പ തന്റെ സന്ദേശത്തിൽ കൂട്ടിച്ചേർത്തു. ഈ ഐക്യവും, സ്നേഹവും ഇനിയും പതിന്മടങ്ങു വർധിപ്പിക്കാനും കാത്തുസൂക്ഷിക്കാനും പാപ്പാ ആഹ്വാനം ചെയ്തു. ആത്മാവിന്റെ ആനന്ദം,അത് പങ്കുവയ്ക്കലിന്റേതാണ്. വിശുദ്ധകുർബാനയിൽ എപ്രകാരം ഈ പങ്കുവയ്ക്കലിന്റെ അനുഭവം സാധ്യമാകുന്നുവോ അതുപോലെ അജപാലനമേഖലകളിലെല്ലാം നാം ഈ അനുഭവം മറ്റുള്ളവർക്കും പ്രദാനം ചെയ്യണം.

**ഐക്യത്തിന്റെ ഉറവിടം**

പരിശുദ്ധാത്മാവ് നമ്മെ ദൈവത്തിന്റെ മക്കളെന്ന നിലയിലേക്ക് ഉയർത്തുന്നു. വിശുദ്ധ പൗലോസ് ശ്ലീഹ റോമക്കാർക്ക് എഴുതിയ ലേഖനം എട്ടാം അധ്യായത്തിൽ ഈ വലിയ സത്യം വെളിവാക്കപ്പെട്ടിരിക്കുന്നു. നമ്മൾ ദൈവത്തിന്റെ മക്കളെങ്കിൽ പരസ്പരം നാം സഹോദരങ്ങളാണെന്നുമുള്ള സത്യവും വചനത്തിൽനിന്നു നമ്മുക്ക് മനസിലാക്കാം.




സഹോദരങ്ങൾക്കിടയിൽ സ്വാർത്ഥതാല്പര്യങ്ങളോ, വെറുപ്പോ, വിദ്വേഷമോ, വേർതിരിവുകളോ പാടില്ല മറിച്ച് എല്ലാത്തരം ലൗകികമായ ചിന്തകൾക്കുമപ്പുറം ദൈവികമായ ഒരു ഐക്യം കെട്ടിപ്പടുക്കുവാൻ ആത്മാവ് നമ്മെ സഹായിക്കുന്നു. ഇതാണ് ക്രിസ്തീയ കൂട്ടായ്മ. ആയുധരഹിതമായ സ്നേഹത്തിന്റെ സംഭാഷണങ്ങളിൽ വിരിയുന്ന സാഹോദര്യം.

ഇപ്രകാരമൊരു കൂട്ടായ്മയുടെ തുടക്കമാണ് പെന്തക്കുസ്താ ദിവസം പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെ ഉള്ളിൽ നിറഞ്ഞുകൊണ്ട് അവരെ ശക്തിപ്പെടുത്തിയനുഗ്രഹിച്ചത്. പക്ഷെ ഈ ഐക്യം സാരൂപ്യത്തിന്റെ അടിച്ചേൽപിക്കലല്ല മറിച്ച് സാഹോദര്യത്തിന്റെ പങ്കുവയ്ക്കലാണ്.ഇപ്രകാരം നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിധ്യം തിരിച്ചറിയുന്നതും സാഹോദര്യത്തിന്റെ കൂട്ടായ്മയ്ക്ക് നമ്മൾ ഭാഗഭാക്കാകുന്നതിലൂടെയാണ്. ക്രിസ് എന്ന ചെറുപ്പക്കാരൻ നടത്തിയ സാക്ഷ്യവും മാർപാപ്പ എടുത്തുപറയുകയുണ്ടായി. കത്തോലിക്കാസഭയിൽ ഒന്നിച്ചിരുന്നുകൊണ്ട് ദൈവത്തെ ആരാധിക്കുമ്പോൾ ലഭിക്കുന്ന സന്തോഷം അതിരില്ലാത്തതാണ്. എപ്പോഴും സൗഹൃദവും, സംഭാഷണങ്ങളും മുൻനിർത്തി എല്ലാവരെയും യാതൊരു വേർതിരിവുകളുമില്ലാതെ ചേർത്തുനിർത്തുന്നതാണ് യഥാർത്ഥ ക്രൈസ്തവജീവിതമെന്നും മാർപാപ്പ കൂട്ടിച്ചേർത്തു.

**പ്രവാചക ദൗത്യം**

രക്ഷാകരചരിത്രത്തിന്റെ താളുകളിൽ പ്രവാചകരെ ഒരുക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി വിവരിക്കപ്പെടുന്നുണ്ട്.തനിക്കു വേണ്ടി ജനത്തോട് സംസാരിക്കുവാൻ ദൈവം തന്നെ തിരഞ്ഞെടുക്കുന്നവരാണ് പ്രവാചകർ. ഇവരിലുള്ള ആത്മാവിന്റെ ശക്തിയാണ് സമൂഹത്തിന്റെ യാഥാർഥ്യങ്ങളെ തിരിച്ചറിയുവാനും; ഇരുളുനിറഞ്ഞതും,വേദനനിറഞ്ഞതുമായ സാഹചര്യങ്ങളെ മനസിലാക്കുവാനും ഇവരെ പ്രാപ്തരാക്കുന്നത്. സമൂഹത്തെ, ദൈവത്തിന്റെ സാന്നിധ്യം വിവേചിച്ചറിയുവാൻ സഹായിക്കുന്നതും പ്രവാചകധർമമാണ്. നമുക്കും ഈ പ്രവാചകദൗത്യനിർവഹണത്തിന് കടമയുണ്ടെന്ന് മാർപാപ്പ കൂട്ടിച്ചേർത്തു.സമൂഹത്തിലെ തിന്മകൾ കണ്ടില്ലെന്നു നാം നടിക്കരുത്.മറിച്ച് സുവിശേഷത്തിന്റെ വെളിച്ചം പകർന്നു കൊണ്ട് നമ്മുടെ ജീവിതസാക്ഷ്യം മറ്റുള്ളവർക്ക് പ്രചോദനമായി മാറണം.




എല്ലാത്തരം അഹംഭാവങ്ങളെയും,അക്രമങ്ങളെയും അതിജീവിക്കുന്ന നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശവാഹകരായി നാം മാറണമെന്നും മാർപാപ്പ പറഞ്ഞു.തടവറക്കുള്ളിലെ ആളുകളെ ശ്രവിക്കുവാൻ അവരോടൊപ്പം സമയം പങ്കിടുന്ന സിസ്റ്റർ റോസിന്റെ സാക്ഷ്യവും പാപ്പാ എടുത്തു പറഞ്ഞു. ദൈവവചനം അവർക്കായി മുറിക്കുമ്പോഴും,അവരുടെ വേദനകളിൽ പങ്കുചേരുമ്പോഴും, അവരുടെ സങ്കടങ്ങൾ കേൾക്കുമ്പോഴും പുതിയ ഒരു ലോകത്തിലേക്കുള്ള പ്രതീക്ഷ അവർക്കു പ്രദാനം ചെയ്യുന്നു. ഇപ്രകാരം ക്രൈസ്തവ ജീവിതത്തിൽ പ്രവാചകരായി നാം മാറുമ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയും അനുഭവിക്കാൻ നമുക്ക് സാധിക്കുന്നു.

മലയാളവും തമിഴും കൊങ്കണിയും അടക്കമുള്ള ഭാഷകളിൽ കുർബാനമധ്യേ പ്രാർഥനകൾ ചൊല്ലി.'തിന്മയെ നന്മകൊണ്ട് നേരിടുക, ശത്രുക്കളെ സ്നേഹം കൊണ്ട് ജയിക്കുക' എന്ന ആഹ്വാനവുമായാണ് ഫ്രാൻസിസ് മാർപാപ്പ ബഹ്റൈന്റെ മണ്ണിൽ കുർബാന അർപ്പിച്ചത്. പ്രാദേശിക സമയം എട്ടരയ്ക്ക് ആരംഭിച്ച കുർബാനയ്ക്കായി പുലർച്ചെ 2 മുതൽ വിശ്വാസികളെ സ്റ്റേഡിയത്തിൽ പ്രവേശിപ്പിച്ചു തുടങ്ങിയിരുന്നു. മുട്ടുവേദനയെ തുടർന്ന് കൂടുതൽ സമയവും ഇരുന്നുകൊണ്ട് കുർബാന അർപ്പിച്ച മാർപാപ്പ, വിശ്വാസികൾക്കടുത്തേക്കുള്ള യാത്ര ഒഴിവാക്കി.
സിറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സിറോ മലങ്കര സഭാ മേജർ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ തുടങ്ങിയവർ കുർബാനയിൽ പങ്കെടുത്തു. ഗൾഫ് സന്ദർശിച്ചതിൽ സഭയുടെ നന്ദി വടക്കൻ അറേബ്യയുടെ അപ്പസ്തോലിക് വികാരിയാത്തിന്റെ അഡ്മിനിസ്ട്രേറ്റർ ബിഷപ് പോൾ ഹിൻഡർ ഫ്രാൻസിസ് മാർപാപ്പയെ അറിയിച്ചു.

ബഹ്റൈൻ അവാലിയിലെ കത്തീഡ്രലും തിരുഹൃദയ ദേവാലയവും മാർപാപ്പ സന്ദർശിച്ചു. തിരുഹൃദയ ദേവാലയത്തിൽ ഗൾഫ് മേഖലയിലെ വൈദികർക്കും സന്യസ്തർക്കുമൊപ്പമുള്ള പ്രാർഥനാ ശുശ്രൂഷയായിരുന്നു രാജ്യത്തെ മാർപാപ്പയുടെ അവസാന ഔദ്യോഗിക പരിപാടി. മതപരവും സാംസ്കാരികവും വർഗപരവുമായ വേർതിരിവുകൾ മറന്ന് എല്ലാവരും ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് പ്രാർഥനാ ശുശ്രൂഷയിൽ ഒരിക്കൽ കൂടി മാർപാപ്പ ഓർമിപ്പിച്ചു. ❍ ഫ്രാൻസിസ് പാപ്പയുടെ ബഹ്റൈൻ സന്ദർശനത്തിന്റെ സമ്പൂർണ വീഡിയോ റിപ്പോർട്ട് കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.



# പുണ്യങ്ങളുടെ പൂമല പോലെ മംഗലപ്പുഴ സെമിനാരി..

**ഫാ. ഡോ. ജോണി കെ. ലോറൻസ്**
(ഡയറക്ടർ, ബോർഡ് ഓഫ് എഡ്യൂക്കേഷൻ,
നെയ്യാറ്റിൻകര രൂപത)



പോയകാല സഭാചരിത്രത്തിന്റെ പിൻവെളിച്ചത്തിലും, സമകാലിക വൈദിക പരിശീലനത്തിന്റെ തലങ്ങളിലും തിളങ്ങി നിൽക്കവേ മംഗലപ്പുഴ സെമിനാരി നവതിയുടെ നിറവിലെത്തിനിൽക്കുന്നു. മോന്തെ ഫൊർമോസയെന്നായിരുന്നു പോർച്ചുഗീസ് ഭാഷയിൽ മംഗലപ്പുഴക്കുന്ന് പണ്ട് അറിയപ്പെട്ടിരുന്നത്. പിന്നീട്, കേരളത്തിൽ ആദ്യമായി ചെത്തിയൊരുക്കിയ കരിങ്കല്ലിൽ നിർമ്മിച്ച സൗധമായി മാറി. മൂന്ന് റീത്തുകളിലും പെട്ടവർക്ക് വൈദികപരിശീലനം ലഭിച്ചിരുന്ന മംഗലപ്പുഴയിൽ പഠിച്ച് വൈദികപട്ടം സ്വീകരിച്ച ഞാൻ പെരിയാറിന്റെ തീരത്തെ ആ വിശുദ്ധ മന്ദിരത്തിൽ ചെലവഴിച്ച വർഷങ്ങൾ ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഈ പരിശീലനകാലത്ത് എന്നോടൊപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾ ഇന്നും ഒരു സ്നേഹക്കൂട്ടായ്മയുടെ കുളിരേറ്റുവാങ്ങുവാൻ വർഷം പ്രതി സമ്മേളിക്കാറുണ്ട്.

ചരിത്രത്തെ അതിജീവിക്കുന്ന ഒരു കരിങ്കൽ സൗധത്തിനപ്പുറം, അവിടെ വൈദികപഠനം പൂർത്തിയാക്കിയ വൈദികരുടെ ഹൃദയങ്ങളിൽ അവർ പരിശീലിച്ച പുണ്യപ്രവൃത്തികളുടെ പൂമലയായി ഇന്നും മംഗലപ്പുഴക്കുന്നുണ്ട്. ഈ ഓർമ്മക്കുറിപ്പിൽ വൈദിക വിദ്യാർത്ഥികൾക്ക് എന്നും പ്രചോദനമേകിയ ഫാ.ജോർജ് മണലേൽ, നല്ല അജപാലകന്റെ ജീവിക്കുന്ന സാക്ഷ്യമായിരുന്ന ഫാ. ജോസഫ് തുരുത്തുമാലി, പിതൃസ്നേഹത്തിന്റെ കുരുതൽ എപ്പോഴും നൽകിവന്ന ഫാ.ജസ്റ്റിൻ പനക്കലും ഫാ. മാലിപ്പറമ്പിലുമെല്ലാം ഇന്നും അവിടെ പഠിച്ചവർ ഓർമ്മപീഠങ്ങളിൽ ഉയർത്തിവച്ചിരിക്കുന്ന ജ്ഞാനദീപങ്ങളാണ്. ചുട്ടുപൊള്ളുന്ന മനസ്സുമായി മംഗലപ്പുഴയിലെ ചാപ്പലിലേക്ക് പ്രവേശിച്ചപ്പോഴെല്ലാം അനുഭവിച്ച ദൈവികസാന്നിധ്യത്തിന്റെ കുളിർമ്മ എന്റെ ഹൃദയത്തെ ഇന്നും ആർദ്രമാക്കുന്നുണ്ട്. കളിക്കളങ്ങളിൽ വിയർത്തു കുളിച്ച്, പെരിയാറിന്റെ നീരാഴങ്ങളിൽ മുങ്ങിയുയർന്നപ്പോൾ ലഭിച്ച സാന്ത്വന നിമിഷങ്ങളും എന്നെപ്പോലെ പല വൈദികരും ഇന്നും ഓർമ്മയിൽ സൂക്ഷിക്കുന്നു. ദൈവസാന്നിധ്യത്തിന്റെ പ്രകാശപ്പൊലിമയിൽ വിരാജിക്കുന്ന ജ്ഞാനപീഠമേ നവതി മംഗളങ്ങൾ.❍



# ഭയമില്ലാതെ ദൈവത്തിലേക്ക്

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**

2022 നവംബർ ഒൻപതാം തിയതി പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ പൊതുകൂടിക്കാഴ്ച നടത്തിയ അവസരത്തിൽ തന്റെ പ്രഭാഷണത്തിൽ ദൈവത്തിലേക്ക് നമ്മൾ എത്തിച്ചേരേണ്ടത് എങ്ങിനെയെന്ന് പാപ്പ ഒരു അനുഭവ ഉദാഹരണത്തിലൂടെ പഠിപ്പിച്ചു.



പാപ്പായുടെ പൊതു കൂടിക്കാഴ്ചക്കിടയിൽ വേദിയിലേക്ക് നടന്നു വന്ന രണ്ടു കുട്ടികളെ കുറിച്ച് തന്റെ സ്വതസ്സിദ്ധമായ ശൈലിയിൽ അതി മനോഹരമായി പിതാവായ ദൈവത്തോടുള്ള ബന്ധത്തെ കുറിച്ച് വിവരിച്ചാണ് ഫ്രാൻസീസ് പാപ്പ പ്രഭാഷണമാരംഭിച്ചത്. ആ കുട്ടികൾ ആരുടേയും അനുവാദം ചോദിച്ചില്ല, തങ്ങൾക്ക് ഭയമാണെന്ന് പറഞ്ഞില്ല മറിച്ച് നേരെ പാപ്പായുടെ അടുക്കലേക്ക് കയറിച്ചെന്നു. ഇങ്ങിനെയായിരിക്കണം ദൈവത്തോടുള്ള നമ്മുടെ പെരുമാറ്റവും എന്ന് പാപ്പ പ്രബോധിപ്പിച്ചു. എപ്രകാരമാണ് നാം ദൈവത്തോട് ബന്ധപ്പെടേണ്ടത് എന്നതിന് ഒരു ഉദാഹരണമാണ് ഈ കുട്ടികൾ തന്നത് എന്നാണ് പാപ്പ പഠിപ്പിച്ചത്. ധൈര്യമായി മുൻപോട്ട് പോവുക. ദൈവം എല്ലായ്പ്പോഴും നമ്മെ കാത്തിരിപ്പുണ്ട്. ഈ കുട്ടികളുടെ ധൈര്യം കണ്ടത് പാപ്പാക്ക് വലിയ പ്രചോദനമായി എന്നാണ് അദ്ദേഹം പറഞ്ഞത്. എല്ലാവർക്കും ഇത് മാതൃകയാണെന്ന് പാപ്പ പറഞ്ഞു.

ദൈവത്തോട് അടുക്കേണ്ടത് എപ്പോഴും ഇതുപോലെയുള്ള സ്വാതന്ത്ര്യത്തോടുകൂടിയാകണം. പ്രാർത്ഥനയുടെ ഒരു പുതിയ ഭാഷ്യമായി പാപ്പ ഇത് നമുക്ക് നൽകുന്നു. വിശ്വാസത്തോടെ പ്രാർത്ഥനയിൽ ധൈര്യത്തോടും മുഴുവൻ ശരണത്തോടും മുന്നോട്ടു പോകുവാൻ നമുക്ക് സാധിക്കട്ടെ. ഭയമില്ലാതെ ദൈവത്തിലേക്ക് എത്തിച്ചേരുവാൻ നമുക്കും പ്രയത്നിക്കാം.



# സ്നേഹമില്ലാതെ സ്വാതന്ത്ര്യമില്ല

***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം – 12

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



എന്നാൽ ഈ വിരോധാഭാസം എങ്ങനെ വിശദീകരിക്കാനാകും? അപ്പോസ്തലന്റെ ഉത്തരം ലളിതവും ഒപ്പം ശ്രമകരവുമാണ്: അതായത് 'സ്നേഹത്തിലൂടെ' (ഗലാത്തിയർ 5:13). സ്നേഹമില്ലാതെ സ്വാതന്ത്ര്യമില്ല.എനിക്ക് ആവശ്യമുള്ളത് ചെയ്യാനുള്ള സ്വാർത്ഥ സ്വാതന്ത്ര്യം സ്വാതന്ത്ര്യമല്ല,കാരണം അത് സ്വയം ആശ്രയിക്കുന്നതാണ്, മാത്രമല്ല ഫലഭ്രയിഷ്ഠവുമല്ല. ക്രിസ്തുവിന്റെ സ്നേഹമാണ് നമ്മെ മോചിപ്പിച്ചത്, ഇനിയും സ്നേഹം തന്നെയാണ്, ഏറ്റവും മോശമായ അഹംഭാവത്തിന്റെ അടിമത്തത്തിൽ നിന്ന് നമ്മെ മോചിപ്പിക്കുന്നത്; അതിനാൽ സ്നേഹത്തോടൊപ്പം സ്വാതന്ത്ര്യം വളരുന്നു. എന്നാൽ സൂക്ഷിക്കുക: ഇത് ടെലിവിഷൻ കഥകളിൽ കാണുന്നതു പോലുള്ള പ്രണയത്തോടൊപ്പമല്ല, നമുക്ക് പറ്റിയതും നമുക്ക് ഇഷ്ടമുള്ളതും മാത്രം തേടുന്നതായ വികാരാവേശത്തോടൊപ്പമല്ല, മറിച്ച് ക്രിസ്തുവിൽ നമ്മൾ കാണുന്ന സ്നേഹത്തോടുകൂടിയാണ്, ഉപവിയോടുകൂടിയാണ്: ഇതാണ് യഥാർത്ഥത്തിൽ സ്വതന്ത്രവും വിമോചനദായകവുമായ സ്നേഹം. സ്വശിഷ്യരുടെ പാദങ്ങൾ കഴുകുകയും 'ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃകയേകിയിരിക്കുന്നു' (യോഹന്നാൻ 13:15) എന്നു പറയുകയും ചെയ്ത യേശുവിന്റെ ആ മാതൃകയിൽ വാർത്തെടുത്ത സൗജന്യ സേവനത്തിൽ വിളങ്ങുന്ന സ്നേഹമാണത്.

പൗലോസിനെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം എന്നത് 'ഒരാൾക്ക് തോന്നുന്നതും ഇഷ്ടമുള്ളതും' ചെയ്യുന്നതല്ല. ഒരു ലക്ഷ്യവും, ഒരു സംശോധകബിന്ദുവുമില്ലാത്ത ഇത്തരം സ്വാതന്ത്ര്യം പൊള്ളയായിരിക്കും. അത് നല്ലതല്ല. വാസ്തവത്തിൽ അത് ആന്തരിക ശൂന്യത അവശേഷിപ്പിക്കുന്നു: സ്വാഭാവിക പ്രവണതകളെ മാത്രം പിൻചെന്നതിനുശേഷം, നമ്മുടെ ഉള്ളിൽ വലിയൊരു ശൂന്യതയാണ് ഉള്ളതെന്നും, നമ്മുടെ സ്വാതന്ത്ര്യമാകുന്ന നിധി, നമുക്കും മറ്റുള്ളവർക്കും യഥാർത്ഥ നന്മയായത് തിരഞ്ഞെടുക്കാൻ കഴിയുന്ന ആ മനോഹാരിത, നാം ദുരുപയോഗം ചെയ്തുവെന്നും നാം എത്ര തവണ മനസ്സിലാ

ക്കിയിരിക്കുന്നു.യഥാർത്ഥ സ്വാതന്ത്ര്യം എല്ലായ്പ്പോഴും നമ്മെ സ്വതന്ത്രമാക്കുന്നു, അതേ സമയം നമ്മൾ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാത്തതുമായ സ്വാതന്ത്ര്യം വിനിയോഗിക്കുമ്പോൾ, അവസാനം നമ്മൾ ശൂന്യമായി തുടരും.ഈ സ്വാതന്ത്ര്യം മാത്രമാണ് പൂർണ്ണവും സമ്പൂർത്തവും യഥാർത്ഥ ദൈനംദിന ജീവിതത്തിൽ നമ്മെ ഉൾച്ചേർക്കുന്നതും.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ആശയത്തെ പിന്തുണയ്ക്കുന്നവരോട് അപ്പോസ്തലൻ മറ്റൊരു ലേഖനത്തിൽ, കൊറീന്ത്യർക്കുള്ള ആദ്യത്തെ കത്തിൽ, പ്രതികരിക്കുന്നു. 'എല്ലാം നിയമാനുസൃതമാണ്!' ഓ, എല്ലാം നിയമാനുസൃതമാണ്, അവ ചെയ്യാൻ കഴിയും. ഇല്ല: ഇതൊരു തെറ്റായ ആശയമാണ്. എന്ന് അവർ പറയുന്നു. 'അതെ, പക്ഷേ എല്ലാം പ്രയോജനകരങ്ങളല്ല' പൗലോസ് പ്രതികരിക്കുന്നു. 'എല്ലാം നിയമാനുസൃതമാണ്!' – 'അതെ, പക്ഷേ എല്ലാം പടുത്തുയർത്തുന്നില്ല', അപ്പോസ്തലൻ മറുപടി നൽകുന്നു. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: 'ഏതൊരുവനും സ്വന്തം നന്മ കാംക്ഷിക്കാതെ, അയൽക്കാരന്റെ നന്മ കാംക്ഷിക്കട്ടെ' (1 കോറിന്തോസ് 10:23–24).ഏത് സ്വാർത്ഥ സ്വാതന്ത്ര്യത്തെയും അഴിച്ചുമാറ്റാനുള്ള നിയമമാണിത്.സ്വാതന്ത്ര്യത്തെ സ്വന്തം ഇഷ്ടങ്ങളിൽ ഒതുക്കാൻ പ്രലോഭിപ്പിക്കപ്പെടുന്നവർക്കു മുന്നിൽ പൗലോസ്, സ്നേഹത്തിന്റെ അവശ്യവ്യവസ്ഥ അവതരിപ്പിക്കുന്നു.സ്നേഹത്താൽ നയിക്കപ്പെടുന്ന സ്വാതന്ത്ര്യം മാത്രമാണ് മറ്റുള്ളവരെയും നമ്മെയും സ്വതന്ത്രരാക്കുന്നത്, അതിന്, അടിച്ചേൽപ്പിക്കാതെ കേൾക്കാൻ അറിയാം, നിർബന്ധിക്കാതെ സ്നേഹിക്കാൻ അറിയാം, അത് പടുത്തുയർത്തുന്നു, നശിപ്പിക്കുന്നില്ല, സ്വന്തം സൗകര്യങ്ങൾക്കായി മറ്റുള്ളവരെ ചൂഷണം ചെയ്യില്ല, സ്വന്തം ലാഭം അന്വേഷിക്കാതെ അവർക്ക് നന്മ ചെയ്യുന്നു.ചുരുക്കത്തിൽ, സ്വാതന്ത്ര്യം നന്മയുടെ സേവനത്തിനല്ലെങ്കിൽ, അത് വന്ധ്യമാകുന്ന അപകടമുണ്ട്, അത് ഫലം പുറപ്പെടുവിക്കില്ല.പകരം, സ്നേഹത്താൽ സജീവമായ സ്വാതന്ത്ര്യം ദരിദ്രരുടെ വദനങ്ങളിൽ ക്രിസ്തുവിനെ തിരിച്ചറിഞ്ഞുകൊണ്ട് അവരിലേക്കു നയിക്കുന്നു.അതിനാൽ, പരസ്പര സേവനം, ഒരുവിധത്തിലും അപ്രധാനമല്ലാത്തതായ ഒരു അടിവരയിടലിന് ഗലാത്യക്കാർക്കുള്ള ലേഖനത്തിൽ പൗലോസിനെ പ്രാപ്തനാക്കുന്നു: മറ്റ് അപ്പോസ്തലന്മാർ തങ്ങൾക്ക് സുവിശേഷവത്കരിക്കാൻ നൽകിയ സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അവർ ഒരു കാര്യം മാത്രമാണ് തങ്ങളോടു ശുപാർശ ചെയ്തതെന്ന് അദ്ദേഹം അടിവരയിട്ടു പറയുന്നു: പാവങ്ങളെപ്പറ്റി ചിന്തവേണം (ഗലാത്തിയർ 2:10).ഇത് രസകരമാണ്. പൗലോസും അപ്പോസ്തലന്മാരും തമ്മിലുള്ള ഈ പ്രത്യയശാസ്ത്ര പോരാട്ടത്തിനുശേഷം അവർ ഒത്തുതീർപ്പിലെത്തിയപ്പോൾ, അപ്പോസ്തലന്മാർ അവനോട് പറഞ്ഞു: 'മുന്നോട്ട് പോകുക, മുന്നോട്ട് പോകുക, ദരിദ്രരെ മറക്കരുത്,'അതായത്, ഒരു പ്രസംഗകനെന്ന നിലയിൽ നിങ്ങളുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ സേവനത്തിനുള്ള സ്വാതന്ത്ര്യമാണ്, നിങ്ങൾക്കുവേണ്ടിയല്ല,നിങ്ങളുടെ ഇഷ്ടം പോലെ ചെയ്യാൻ.മറിച്ച്, നമുക്കറിയാവുന്ന, സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വ്യാപകമായ ആധുനിക സങ്കൽപ്പങ്ങളിലൊന്ന് ഇതാണ്:'നിന്റെ സ്വാതന്ത്ര്യം ആരംഭിക്കുന്നിടത്ത് എൻറേത് അവസാനിക്കുന്നു'.പക്ഷേ ഇവിടെ ബന്ധം കാണാനില്ല! അത് വൈക്തിക കാഴ്ചപ്പാടാണ്. മറിച്ച്, യേശു പ്രവർത്തിച്ച വിമോചന സമ്മാനം സ്വീകരിച്ചവർക്ക് സ്വാതന്ത്ര്യം എന്നത് മറ്റുള്ളവരെ ശല്യമായി കരുതി അവരിൽ നിന്ന് അകന്നുനിൽക്കലാണെന്ന് ചിന്തിക്കാനാകില്ല, മനുഷ്യനെ തന്നിൽത്തന്നെ ചേക്കേറിയിരിക്കുന്നവനായി കാണാനാകില്ല, അവൻ ഒരു സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്നു.സാമൂഹിക മാനം ക്രിസ്ത്യാനികൾക്ക് മൗലികമാണ്, മാത്രമല്ല അവരെ സ്വന്തം കാര്യമല്ല, മറിച്ച്, പൊതുനന്മ നോക്കാൻ പ്രാപ്തരാക്കുന്നു.



# ദൈവമില്ലാത്ത കുടുംബങ്ങളിലേക്ക് ദൈവസ്നേഹ പ്രവാഹമായി ആ വിശുദ്ധ ജീവിതമൊഴുകി...



**സി. ജോസ്ന R.J.M**

ദൈവത്തെ അറിയാതെ ഒരു മനുഷ്യൻ ഇഹലോകജീവിതത്തിൽ നിന്ന് മറഞ്ഞുപോകുന്നത്, ആ വ്യക്തിയുടെ ഏറ്റവും വലിയ ദുരന്തമായി വിശുദ്ധ ക്ലോഡിൻ തെവനെ കണ്ടിരുന്നു. കോവിഡനന്തര കാലഘട്ടത്തിൽ ദൈവ വിശ്വാസികൾ പോലും, ദൈവത്തിന് തങ്ങളുടെ ജീവിതത്തിൽ ഒന്നും ചെയ്യാനില്ലെന്നു ധരിച്ചിരിക്കെ, വിശുദ്ധ തെവനെയുടെ അന്നത്തെ ജീവിതദൗത്യം തന്നെ പുനരർപ്പണത്തിനായി ഞങ്ങളുടെ സന്യാസ സമൂഹം തെരഞ്ഞെടുത്തു കഴിഞ്ഞു. എന്നാൽ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം ചുറ്റുമുള്ളവരിലേക്ക് പ്രസരിപ്പിക്കാൻ, അവരിലേക്ക് സ്നേഹത്തിന്റെ പുതിയ പടവുകൾ തീർക്കുകയാണ് വിശുദ്ധ ചെയ്തത്. അതൊരു സാമൂഹിക സേവനം മാത്രമായിരുന്നില്ല. മറിച്ച്, വേദനിക്കുന്നവരുടെയും ദരിദ്രരുടെയും കൈകൾ ചേർത്തുപിടിച്ച്, എന്റെ കണ്ണുകൾ നിന്നിലുള്ള ദൈവത്തെ കണ്ടുവെന്ന് വിശുദ്ധ പലപ്പോഴും ഹൃദയത്തിൽ ആത്മഗതം ചെയ്തിരുന്നു.

തൊഴിൽ നഷ്ടപ്പെട്ടവരുടെ ഭവനങ്ങളിലേക്ക് വിശുദ്ധ കടന്നു ചെല്ലുമ്പോൾ, പലരും ദൈവത്തെ തീരെ അറിയാത്തവിധം സ്വന്തം ജീവിതത്തെക്കുറിച്ച് വിലപിക്കും. ആ വിലാപങ്ങൾ കേട്ട് കണ്ണുകൾ തുടച്ച് വിശുദ്ധ തെവനെ, അവിടെയുള്ള കുഞ്ഞുങ്ങളെ



വാൽസല്യത്തോടെ പുണരും. കണ്ണീരണിഞ്ഞ മാതാപിതാക്കൾക്ക് ആ കാഴ്ച ഹൃദയത്തെ തൊടുന്നതായി.

ദൈവത്തെപ്പറ്റി പറഞ്ഞു തുടങ്ങുമ്പോൾ, ശിശുസഹജമായ നിഷ്കളങ്കതയോടെ അവർ വിശുദ്ധായോട് ചോദിക്കുമായിരുന്നു: ദൈവം എന്നൊന്നുണ്ടോ ? ദൈവത്തെ നിങ്ങൾ അറിയുമോ ? കുഞ്ഞുങ്ങളെ സ്നേഹത്തോടെ ഒന്നുകൂടി പുണരുമ്പോൾ വിശുദ്ധ തെവനെ പറയും: ''ദൈവമുണ്ട്, കുഞ്ഞുങ്ങളേ.... ആ ദൈവമാണ് നിങ്ങളുടെ അരികിലേക്ക് എന്നെ അയച്ചത് ''വിശപ്പ് മാറുമ്പോൾ ആ കുടുംബത്തിൽ കളിചിരി മുഴങ്ങും. ചിരിതൂകുന്ന കുഞ്ഞുങ്ങളുടെ മനസ്സുകളിലൂടെയായിരുന്നു വിശുദ്ധ തെവനെ, മാതാപിതാക്കളുടെ ഹൃദയങ്ങളിലേക്ക് എഴുന്നള്ളിച്ചെല്ലാൻ ദൈവത്തിന് പാതയൊരുക്കിയത്.

എന്നും വിശുദ്ധ തെവനെ തന്നോടു തന്നെ ചോദിക്കും : ഇന്ന് അങ്ങയുടെ വിരലുകൾ കൊണ്ട് എത്ര ജീവിതങ്ങളെ തൊടാൻ കഴിഞ്ഞു എന്ന്. ലോകത്തിൽ നൊമ്പരപ്പെടുന്നവർ, അവരുടെ ചിന്തകളിൽ, തന്റെ ദുരന്തജീവിതത്തിനു കാരണക്കാരായവരെ കണ്ടെത്താറുണ്ട്. ചിലർ എല്ലാറ്റിനും ഉപരിയായി, എല്ലാ ദുരിതവും ദൈവം നൽകിയെന്ന വിലാപം മുഴക്കുന്നുമുണ്ട്. ''ദൈവത്തിനുപോലും രക്ഷിക്കാൻ കഴിയാത്തവർ'' എന്ന് സ്വയം വിശേഷിപ്പിക്കുന്ന മനുഷ്യരിലേക്ക് ദൈവത്തിന്റെ സ്നേഹപ്രവാഹമെത്തിച്ച വിശുദ്ധ ക്ലോഡിൻ തെവനെയുടെ മിഷണറി ദൗത്യത്തിന്റെ പിന്തുടർച്ചക്കാരെന്ന നിലയിൽ ''ദൈവരഹിതരായി'' ജീവിക്കുന്നവരിലേക്ക്, യേശുവിന്റെയും കന്യകാമറിയത്തിന്റെയും സ്നേഹശുശ്രൂഷയുടെ സാക്ഷ്യമായി സാന്നിദ്ധ്യമറിയിക്കാനാണ് ഞങ്ങൾ പരിശ്രമിക്കുന്നത്. വിശുദ്ധായുടെ ജീവചരിത്രക്കുറിപ്പുകളുടെ നാലാംഭാഗത്തിൽ, വിശുദ്ധ അന്ന് ജീവിച്ച ''ദൈവമില്ലാത്ത കുടുംബങ്ങളെ'' എങ്ങനെ ദൈവത്തിന് പ്രിയങ്കരരാക്കി മാറ്റിയെന്നു വിവരിക്കുകയായിരുന്നു. ഈ വിശുദ്ധായുടെ ദൈവ–മനുഷ്യ സ്നേഹത്തിന്റെ ഇനിയും അനാവരണം ചെയ്യാത്ത ജീവിതസന്ദർഭങ്ങൾ ഇനിയുമുണ്ട്. (തുടരും)

SPECIAL FEATURE




# നവ തൊഴിൽ മേഖലയിലേക്ക് വാതായനം തുറന്ന് സ്റ്റെല്ല മേരിസ് കോളേജ്

**ഫാ. പോൾ തോമസ് കളത്തിൽ**



ചരിത്ര പ്രാധാന്യവും പൈതൃകവും ഉള്ള കൊടുങ്ങല്ലൂരിന്റെ മണ്ണിൽ കോട്ടപ്പുറം രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റി ( കിഡ്സ് ) മാനേജ്മെന്റിന്റെ നേതൃത്വത്തിൽ കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റഡ് ചെയ്യപ്പെട്ട സ്റ്റെല്ല മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി എന്ന പേരിലുള്ള കലാലയം തീരദേശ ഗ്രാമങ്ങളിലെ യുവതയ്ക്ക് നവ തൊഴിൽ മേഖലയിലേക്കുള്ള വാതായനമായിക്കഴിഞ്ഞു .

മക്കളുടെ ഭാവിയെക്കുറിച്ച് ഏതൊരു മാതാപിതാക്കൾക്കും ആകുലതയാണ്. മക്കൾക്ക് മൂല്യച്യൂഷണം ഇല്ലാത്ത ഉന്നത വിദ്യാഭ്യാസം നൽകുവാനായി വലിപ്പച്ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാ മാതാപിതാക്കളും ഒരുമിച്ച് ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നു. തങ്ങൾക്ക് കഴിയാതെ പോയ സ്വപ്നങ്ങൾ മക്കളിലൂടെ പ്രാവർത്തികമാക്കുവാനായി പരിശ്രമിക്കുന്നവരാണവർ. വിദ്യാലയത്തിലേക്ക് മക്കളെ പറഞ്ഞയക്കുമ്പോൾ അവർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും ഉത്തരവാദിത്വമാണ്. നാളെ ഇതുവരെ കോട്ടപ്പുറം കൊടുങ്ങല്ലൂരിൽ പ്രവർത്തിച്ചു വരുന്ന കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റിയുടെ പ്രവർത്തന മേഖലയ്ക്ക് പുതിയ കോളേജ് പുത്തൻ ഉണർവേകും . ഇനി ഭാവിയെ കുറിച്ച് ആകുലപ്പെടേണ്ടതില്ല. മാതാപിതാക്കളുടെ കയ്യെത്തും ദൂരത്ത് സുരക്ഷിതമായ ഒരിടത്തേക്ക് നിങ്ങളുടെ മക്കളെ



പറഞ്ഞയക്കുവാൻ ഇനി നിങ്ങൾക്ക് കഴിയും. ജീവിതത്തിൽ എല്ലാവരുംനല്ല ഭാവി സ്വപ്നം കാണാറുണ്ട്.ആ സ്വപ്നങ്ങൾക്ക് വർണചാരുതയേകുവാൻ സ്റ്റെല്ലാ മേരിസ് കോളേജിന് കഴിയും.

നിങ്ങൾക്ക് പൂർണമായി വിശ്വാസം അർപ്പിക്കാം ഗുണമേന്മയുള്ള വിദ്യാഭ്യാസം നിങ്ങളുടെ മക്കൾക്ക് ലഭിക്കും എന്ന്. ഈ മഹാമാരിയുടെ കാലഘട്ടത്തിലും പ്രളയങ്ങൾ പലപ്പോഴായി കേരള മണ്ണിനെ തളർത്തുമ്പോഴും സ്വന്തക്കാരോടും ബന്ധക്കാരോടും കുടുംബത്തോടും ചേർന്ന് നിന്ന് ഒരു വിളിപ്പാടകലെ തങ്ങളുടെ മക്കളെ ചേർത്തുപിടിക്കുകയാണ് ഈ കോളേജ്.

ഒത്തൊരുമയോടെ സ്നേഹത്തോടെ വാത്സല്യത്തോടെ അറിവിൻറെ വെളിച്ചം പകരാൻ പ്രഗൽഭരായ UGC യോഗ്യതയുള്ള മികച്ച അധ്യാപിക അധ്യാപകന്മാരുടെ സാന്നിധ്യവും സേവനവും ഈ കോളേജിൻറെ പ്രത്യേകതയാണ്.ഉന്നത വിദ്യാഭ്യാസ മേഖലയിൽ വർഷങ്ങളുടെ പ്രവർത്തന പരിചയമുള്ള ആളുകളാണ് ഈ കോളജിനെ നയിക്കുക. ജാതിമത ഭേദമന്യേ എല്ലാവരെയും ഒരു കുടക്കീഴിൽ ഒരുമിച്ച് കൂട്ടുന്ന ഈ കോളേജിലെ പ്രത്യേകത എന്തെന്നാൽ ജോലി സാധ്യത ഏറെയുള്ള മൂന്ന് പ്രമുഖ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്. B Sc അക്വാകൾച്ചർ ആൻഡ് ഫിഷറി മൈക്രോബയോളജി, B Com ഫിനാൻസ്, BCA, മികച്ച കമ്പ്യൂട്ടർ ലാബും ബയോളജി & കെമിസ്ട്രി ലാബും കോളേജിൻറെ പ്രത്യേകതയാണ്.

ഈ കോഴ്സുകൾക്ക് പുറമേ നല്ല തൊഴിൽ നേടാൻ സഹായകകരമായ അനുബന്ധ ഹ്രസ്വകാല കോഴ്സുകൾ, സ്ഥിരമായി സെമിനാറുകൾ പ്രശസ്ത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലനം നൽകൽ, ഉന്നതമായ ജോലി ലഭിക്കുന്നതിനു വേണ്ടി ക്യാമ്പസ് സെലക്ഷന് സൗകര്യം ചെയ്യൽ എന്നിവകൾ സ്റ്റെല്ല മാരിസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രത്യേകതകളാണ് ഉത്തമരായ പൗരന്മാരെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ അതിന് അനുയോജ്യമായ രീതിയിൽ നല്ല വിദ്യാഭ്യാസം നൽകുക എന്നതാണ് ഈ കോളേജിന്റെ ലക്ഷ്യം.

അക്ഷരം പുസ്തകം



# ഇതാ കുടുംബങ്ങൾക്കൊരു ജീവിത പാഠപുസ്തകം

**അനർഘ സനൽകുമാർ**



കൂട്ടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം. നാലു ചുവരുകൾക്കുള്ളിൽ ഒരേ മനസ്സോടെ സന്തോഷവും, പരിഗണനയും, സംതൃപ്തിയും, ആഹ്ലാദവും, വേദനയുമൊക്കെ പരസ്പരം പങ്കുവച്ച് നാളെയുടെ സമൂഹത്തിന് ആരോഗ്യകരമായ ഈടുവെപ്പുകൾ സമ്മാനിക്കാനുള്ള മനോഹര ഇടം... ഡോ. തോമസ് കുഴിനാപുറത്തിന്റെയും പ്രഗത്ഭരായ ഒരു കൂട്ടം വ്യക്തികളുടെയും കൂട്ടായ്മ സക്ഷ്യമാണ്. "മാതാപിതാക്കളും മക്കളും അറിയാൻ" എന്ന ഗ്രന്ഥം.

എന്താണ് കുടുംബം ? സന്തുഷ്ടമായൊരു കുടുംബം പശ്ചാത്തലം നാമെങ്ങനെ പടുത്തുയർത്തണം ? കുടുംബങ്ങളിൽ കൗമാര കാലഘട്ടത്തിൽ കുട്ടികൾക്ക് നൽകേണ്ട പാഠങ്ങൾ, ശിക്ഷണം, പരിചരണം, അവരെ എപ്രകാരം നന്മയോടെയും, മൂല്യങ്ങളോടെയും, വാർത്തെടുക്കാം, കുടുംബങ്ങളിൽ വളരേണ്ട സംസ്കാരം, ഗുണങ്ങൾ തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളെയും തലോടിപ്പോകുന്നൊരു ഉത്തമ വഴികാട്ടി... അതാണ് മാതാപിതാക്കളും മക്കളും അറിയാൻ... ആത്മീയപരമായും, മനശാസ്ത്രപരമായും അതാത് വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തികൾ തങ്ങളുടെ ഗവേഷണങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ അവതരിപ്പിച്ചിട്ടുള്ള അനവധി നിരീക്ഷണങ്ങൾ യാഥാർഥ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. വാക്കുകളാൽ മാത്രം പറഞ്ഞ് പോകാതെ,




യാഥാർത്ഥ്യങ്ങളിൽ കൂടി പകർത്താൻ കഴിയുന്ന ജീവിത വീക്ഷണങ്ങളാണ് ഓരോ അദ്ധ്യായങ്ങളിൽ അവർ അവതരിപ്പിക്കുന്നത്.

വർത്തമാന കാലത്ത് സമൂഹത്തിന്റെ പല തട്ടുകളിൽ നിന്നും ഉയർന്നു വരുന്ന അസ്വാഭാവികതകൾ. ദോഷകരമായ സംസ്കാരങ്ങൾ എന്നിവ നമ്മെ കൊണ്ടു പോകുന്നത് സംശയാതീതമായ ഒരു നാളേക്കാണ്. ബന്ധങ്ങൾക്കും കടപ്പാടുകൾക്കും വിലകല്പിക്കാതെ ഉയർന്നുവരുന്നൊരു തലമുറയെ, തുടക്കത്തിൽ തന്നെ തിരുത്തി, മൂല്യങ്ങൾക്കനുസൃതമായി അവരെ നേർവഴിക്ക നടത്താനുള്ളൊരു ശ്രമം തന്നെയാണ് ഈ ഗ്രന്ഥരചനയ്ക്ക് പിന്നിൽ.

രണ്ട വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും, സന്ദർഭങ്ങളിൽ നിന്നും, കുടുംബങ്ങളിൽ നിന്നും കടന്നു വരുന്ന രണ്ട് പേരിൽ തുടങ്ങുന്ന ഒരു ദീർഘയാത്രയാണ് കുടുംബം. പിന്നീട് യാത്രയ്ക്ക് അർഥങ്ങൾ നൽകികൊണ്ട് അംഗങ്ങൾ ഏറുന്നു... യാത്രയ്ക്ക് മധുരമേകാൻ അവർ പരസ്പരം സ്നേഹിക്കുന്നു. പങ്കുവയ്പ്പുകൾ നടത്തുന്നു. ഇവരുടെ ഈ യാത്രയുടെ നന്മകൾ സമൂഹത്തിനും ലഭിക്കുന്നു. ഇതിനിടയിൽ പരസ്പരമുള്ള ആശയക്കുഴപ്പങ്ങളും തെറ്റിദ്ധാരണകളുമൊക്കെ വരുന്നുണ്ട്... അപ്പോഴും പ്രാർത്ഥനകളോടെയും ചേർത്തുനിർത്തലുകളോടെയും നാം അവയെ തരണം ചെയ്യണം. കാരണം അത്രമേൽ ഉത്കൃഷ്ടമായൊരു സംവിധാനമാണത്. വേഗത്തിൽ താളം തെറ്റിപ്പോകാൻ കഴിയുന്നവർ... സമൂഹത്തിന്റെ പലതരത്തിലുള്ള പ്രതിഫലനങ്ങൾ ഏറ്റവും കൂടുതൽ ആഴ്ന്നിറങ്ങുന്നത് കുട്ടികളിലാണ്... അവരുടെ ഇളം മനസ്സുകളിൽ പിന്നീട് മായിച്ചു കളയാൻ പ്രയാസവും... അതിനാൽ തുടക്കം മുതലേ കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കൾ പുലർത്തേണ്ട ജാഗ്രതകൾ, സമീപനങ്ങൾ ഈ ഗ്രന്ഥം ആനുകാലികമായി ചർച്ച ചെയ്യുന്നു.

എന്തുകൊണ്ടും ഓരോ കുടംബങ്ങളിലും വായിച്ചു പ്രാവർത്തികമാക്കേണ്ട ജീവിത പാഠങ്ങൾ തന്നെയാണ് ഇതിലെ ഓരോ അദ്ധ്യായവും. ഒരു താക്കീതിനപ്പുറം ശക്തമായൊരു ഓർമ്മപ്പെടുത്തലായി ഈ ഗ്രന്ഥം മാറട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. ഒപ്പം നല്ലൊരു വായനാനുഭവം സാധ്യമാക്കിയ തോമസച്ചനും നന്ദി..❍




# സമാധാനത്തിന്റെ ദൈവം നമ്മെ യുദ്ധത്തിലേക്ക് നയിക്കുന്നില്ല

**സണ്ണി വില്യംസ്,** ഖത്തർ

മുസ്ലീം കൗൺസിൽ ഓഫ് എൽഡേഴ്സ് എന്ന സംഘടനയിലെ അംഗങ്ങളുമായി രാജകൊട്ടാരത്തിലെ മോസ്കിൽ നടത്തിയ കൂടിക്കാഴ്ചാവേളയിൽ 'അത്യുന്നതന്റെ സമാധാനം നിങ്ങളോരോരുത്തരിലും ആവസിക്കട്ടെ'യെന്ന് ആശംസിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ പ്രഭാഷണം ആരംഭിച്ചത്. 'സത്യമതത്തെ നശിപ്പിക്കുന്ന അപകടമായി തീവ്രവാദത്തെ വീക്ഷിക്കുകയും, അക്രമത്തിലൂടെ മതവിശ്വാസത്തെ തെറ്റിദ്ധരിപ്പിക്കുകയും ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്ന തെറ്റായ വ്യാഖ്യാനങ്ങൾ ഇല്ലായ്മ ചെയ്യുകയും, ബഹുമാനം, സഹിഷ്ണുത, മിതത്വം എന്നിവയുടെ മൂല്യങ്ങൾ ഹൃദയങ്ങളിൽ പകർന്നുകൊണ്ട് അത് പ്രചരിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന നിങ്ങളുടെമേൽ സമാധാനം നിലനിൽക്കട്ടെ' – പാപ്പാ തുടർന്നു.

തന്നെപ്പോലെ വ്യത്യസ്തമായ ഒരു മതവിശ്വാസം മുറുകെപ്പിടിക്കുന്നവരുമായി സൗഹൃദബന്ധവും പരസ്പര ബഹുമാനവും പരസ്പര വിശ്വാസവും പ്രോത്സാഹിപ്പിച്ചുകൊണ്ട്, വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും ലോകത്തിൽ ധാർമികവും ബൗദ്ധികവുമായ വിദ്യാഭ്യാസം യുവജനങ്ങളുടെയിടയിൽ വളർത്തിയെടുക്കാൻ അക്ഷീണം പരിശ്രമിക്കുന്ന സഹോദരീ സഹോദരങ്ങളെ അഭിനന്ദിച്ചുകൊണ്ട് പാപ്പാ അവരെ അഭിവാദ്യം ചെയ്തു: 'അസ്സലാമു അലൈക്കും'

ദൈവമാണ് സമാധാനത്തിന്റെ ഉറവിടം. എല്ലായിടത്തും അവന്റെ സമാധാനത്തിന്റെ വക്താക്കളാകുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു. സമാധാനത്തിന്റെ ദൈവം ഒരിക്കലും യുദ്ധത്തിലേക്ക്

നമ്മെ നയിക്കുന്നില്ല, ഒരിക്കലും വിദ്വേഷം ഉണർത്തുന്നില്ല, അക്രമത്തെ അനുകൂലിക്കുന്നില്ല എന്ന് നിങ്ങളുടെ മുമ്പാകെ അടിവരയിട്ട് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവനിൽ വിശ്വസിക്കുന്ന നമ്മളും സമാധാനത്തിന്റെ ഉപകരണങ്ങളായ കൂട്ടായ്മകളിലൂടെയും, ക്ഷമയോടെയുള്ള ചർച്ചകളിലൂടെയും, സംവാദങ്ങളിലൂടെയും, പൊതുവായ സഹവർത്തിത്വത്തിന്റെ ജീവശ്വാസമായ സംഭാഷണങ്ങളിലൂടെയും സമാധാനം ഉറപ്പുവരുത്താൻ വിളിക്കപ്പെട്ടിരിക്കുന്നു.

നീതിയിൽ അധിഷ്ഠിതമായ സമാധാന സംസ്കാരം പ്രചരിപ്പിക്കുക എന്നതാണ് നിങ്ങൾ മുൻപോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങളിൽ ഒന്ന്. സമാധാനമെന്നത് നീതിയുടെ കർമ്മഫലമാണെന്ന നിലയിൽ ഇതാണ് ഒരേയൊരു വഴിയെന്ന് നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹോദര്യത്തിൽ നിന്നും ഉടലെടുത്തുകൊണ്ട് മറ്റുള്ളവരുടെ കൈപിടിച്ചുകൊണ്ട് അനീതികൾക്കും അസമത്വങ്ങൾക്കുമെതിരായ പോരാട്ടം നടത്തുവാൻ ഈ സമാധാനസംസ്കാരം സഹായിക്കുന്നു. സമാധാനം പ്രഖ്യാപിക്കുക മാത്രമല്ല, മറിച്ച് അത് വേരുറപ്പിക്കുകയും വേണം. അസ്ഥിരതയും ശത്രുതയും സൃഷ്ടിക്കുന്ന അസമത്വങ്ങളും വിവേചനങ്ങളും നീക്കം ചെയ്തുകൊണ്ടാണ് ഇത് സാധ്യമാകുന്നത്.

ഇക്കാര്യത്തിൽ നിങ്ങളുടെ പ്രതിബദ്ധതയ്ക്കും നിങ്ങൾ എനിക്ക് നൽകിയ ആതിഥേയത്വത്തിനും , പറഞ്ഞ വാക്കുകൾക്കും ഞാൻ നന്ദി പറയുന്നു. ദൈവവിശ്വാസിയായും സഹോദരനായും സമാധാനത്തിന്റെ തീർത്ഥാടകനായും ഇതാ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു. 'നിങ്ങളുടെ വായ് കൊണ്ട് നിങ്ങൾ പ്രഖ്യാപിക്കുന്ന സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ കൂടുതൽ സമൃദ്ധമായിരിക്കട്ടെ' എന്ന് പറഞ്ഞിരുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ആത്മാവിൽ ഒരുമിച്ച് നടക്കാനാണ് ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നത്.

എന്റെ മനസിനെ പിടിച്ചുകുലുക്കിയ മറ്റൊരു ആതിഥേയമര്യാദയാണ് കൈകൊടുക്കുമ്പോൾ അതിഥിയുടെ കൈകൾ ഹൃദയത്തോട് ചേർത്തുവച്ചുകൊണ്ട് അവനെ തന്റെ ജീവിതത്തോട് അടുപ്പിക്കുന്ന നിങ്ങളുടെ ശൈലി. നിങ്ങളുടെ വ്യക്തി എന്നിൽ നിന്ന് അകലെയല്ല, ഇതുവഴി എന്റെ ഹൃദയത്തിലേക്ക്, എന്റെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. ബഹുമാനത്തോടെയും വാത്സല്യത്തോടെയും എന്റെ ഹൃദയത്തിൽ നിങ്ങളുടെ കൈകൾചേർത്തുവയ്ക്കാനും, നിങ്ങളെ ഓരോരുത്തരെയും തുടർച്ചയായി കണ്ടുമുട്ടാനുമുള്ള അവസരത്തിനായി ദൈവത്തോട് പ്രാർത്ഥിക്കുന്നു.

**ദൂരങ്ങൾക്കതീതം സ്വർഗ്ഗത്തിന്റെ തുറവി**

ആശയങ്ങളേക്കാളുപരി യാഥാർഥ്യങ്ങൾക്കും , അഭിപ്രായങ്ങളേക്കാളുപരി വ്യക്തികൾക്കും, ഭൂമിയുടെ ദൂരങ്ങൾക്കുപരി സ്വർഗ്ഗത്തിന്റെ തുറവിക്കും, ശത്രുതയുടെ ഭൂതകാലങ്ങൾക്കപ്പുറം സാഹോദര്യത്തിന്റെ ഭാവിക്കും നമ്മൾ കൂടുതലായി കണ്ടുമുട്ടുകയും പരസ്പരം അറിയുകയും അന്യോന്യം ഹൃദയത്തോട് ചേർത്തുവയ്ക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.സമാധാനത്തിന്റെ ഉറവിടമായവന്റെ ചരിത്രത്തിന്റെ പേരിലുള്ള മുൻവിധികളും ,തെറ്റിദ്ധാരണകളും അതിജീവിക്കുവാനും അതുപകരിക്കും. മറുവശത്ത്, നമ്മൾ പരസ്പരം അപരിചിതരായി തുടരുകയാണെങ്കിൽ, വ്യത്യസ്ത മതങ്ങളിലും സംസ്കാരങ്ങളിലും ഉള്ള വിശ്വാസികൾക്ക് എങ്ങനെ ഒരുമിച്ച് ജീവിക്കാനും പരസ്പരം സ്വാഗതം ചെയ്യാനും പരസ്പരം ബഹുമാനിക്കാനും കഴിയും?

ഇമാം അലിയുടെ വാക്കുകൾ നമ്മെ നയിക്കട്ടെ: 'ആളുകൾ രണ്ട് തരത്തിലാണ്: ഒന്നുകിൽ നിങ്ങളുടെ വിശ്വാസത്തിലുള്ള നിങ്ങളുടെ സഹോദരങ്ങൾ അല്ലെങ്കിൽ മനുഷ്യത്വത്തിൽ നിങ്ങളുടെ സഹജീവികൾ '. ദൈവികപദ്ധതിയനുസരിച്ച് നമുക്ക് നൽകിയിരിക്കുന്ന എല്ലാവരെയും പരിപാലിക്കുവാനുള്ള വലിയ വിളി നമുക്ക് ശ്രവിക്കാം.'ഭൂതകാലത്തെ മറക്കാനും ആത്മാർത്ഥമായി പരസ്പര




ധാരണയോടെ എല്ലാ മനുഷ്യർക്കും സാമൂഹിക നീതി, ധാർമ്മിക മൂല്യങ്ങൾ, സമാധാനം, സ്വാതന്ത്ര്യം എന്നിവ ഉറപ്പാക്കുവാനും സംരക്ഷിക്കാനും നമുക്ക് നമ്മെത്തന്നെ പ്രബോധിപ്പിക്കാം.

മതങ്ങളെ നയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന വലിയ ഉത്തരവാദിത്വങ്ങളാണ് ആഗോളവത്കരണത്തിന്റെ മറവിൽ ഭയത്താൽ വീർപ്പുമുട്ടുകയും, ജീവിതത്തിൽ വേദനയുടെയും സങ്കടങ്ങളുടെയും മുറിവുകളേൽക്കുകയും ചെയ്യുന്ന സഹോദരങ്ങളോടുള്ളത്. ഹൃദയത്തോട് ചേർത്തുനിർത്തി അവരുടെ ആത്മാവിന് പ്രതീക്ഷയേകാം; ജീവിതത്തിൽ ഉന്നതമായ ചിന്തകളിലേക്ക് അവരെ നയിക്കുകയും ചെയ്യേണ്ടതുണ്ട്.

ഏറ്റവും വരണ്ട മരുഭൂമികളിൽ സമാഗമത്തിന്റെയും, സമാധാനപരമായ സഹവർത്തിത്വത്തിന്റെയും ജലം ഉൾകൊണ്ട് നിലനിൽക്കുന്ന ജീവന്റെ ശക്തിയെക്കുറിച്ചാണ് ഈയടുത്ത ദിവസങ്ങളിൽ ഞാൻ കൂടുതലായി സംസാരിച്ചത്. ഇവിടെ ബഹ്‌റൈനിൽ കണ്ടെത്തിയ അത്ഭുതകരമായ 'ജീവന്റെ വൃക്ഷത്തിൽ' നിന്ന് മാതൃകയെടുത്താണ് ഇന്നലെ ഞാൻ ഇത് പറഞ്ഞത്. നാം കേട്ടിട്ടുള്ള ബൈബിൾ വിവരണം, ജീവവൃക്ഷത്തെ ആദിജീവന്റെ ഉദ്യാനകേന്ദ്രത്തിൽ എല്ലാ സൃഷ്ടികളെയും ഉൾക്കൊള്ളാൻ കഴിവുള്ള ഒരു യോജിപ്പുള്ള രൂപകൽപ്പനയായി മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതിയുടെ ഹൃദയഭാഗത്ത് സ്ഥാപിക്കുന്നു. എന്നിരുന്നാലും, മനുഷ്യൻ സ്രഷ്ടാവിൽ നിന്നും, അവൻ സ്ഥാപിച്ച ക്രമത്തിൽ നിന്നും തുടർന്ന് അകന്നുപോകുന്നു. ഇതിൽ നിന്ന് ഉത്ഭവിച്ച പ്രശ്നങ്ങളും അസന്തുലിതാവസ്ഥയും, ബൈബിൾ വിവരണത്തിൽ തുടർന്ന് കാണുന്നു: സഹോദരങ്ങൾ തമ്മിലുള്ള വഴക്കുകളും കൊലപാതകങ്ങളും (ഉത്പത്തി 4), പാരിസ്ഥിതിക തകരാറുകളും നാശവും (ഉത്പത്തി 6–9), സമൂഹത്തിലെ അഹന്തയും സംഘർഷങ്ങളും (ഉത്പത്തി 11)... മനുഷ്യന്റെ ഹൃദയത്തിൽ നിന്ന് തിന്മയുടെയും മരണത്തിന്റെയും പ്രളയം പൊട്ടിപ്പുറപ്പെടുന്നു, അവന്റെ ഹൃദയത്തിന്റെ വാതിൽക്കൽ പതുങ്ങിയിരിക്കുന്ന തിന്മ അഴിച്ചുവിട്ട തീപ്പൊരിയിൽ നിന്ന് ( ഏലി 4,7), ലോകത്തിന്റെ ഐക്യം തകർക്കപ്പെടുന്നു. ഈ തിന്മകളെല്ലാം ദൈവത്തെയും,സഹോദരനെയും നിരാകരിക്കുന്നതിൽ വേരൂന്നിയതാണ്. മനുഷ്യൻ ജീവിതത്തിന്റെ രചയിതാവിനെ കാണാതെ പോകുകയും സഹോദരങ്ങളുടെ സംരക്ഷകരായി സ്വയം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നു. അതിനാൽ നാം കേട്ടിട്ടുള്ള രണ്ട് ചോദ്യങ്ങൾ എല്ലായ്പ്പോഴും സാധുവാണ്, വിശ്വാസപ്രമാണങ്ങൾക്കപ്പുറം, അവ എല്ലാ അസ്തിത്വത്തെയും എല്ലാ പ്രായത്തെയും വെല്ലുവിളിക്കുന്നു: 'നിങ്ങൾ എവിടെയാണ്?' (ഉൽപത്തി 3: 9); 'നിങ്ങളുടെ സഹോദരൻ എവിടെ?' (ഉൽപത്തി 4:9).

അബ്രഹാമിൽ സഹോദരങ്ങളും,ഏകദൈവത്തിൽ വിശ്വസിക്കുന്നവരുമെന്ന നിലയിൽ എന്റെ പ്രിയ സുഹൃത്തുക്കളെ, സാമൂഹികവും അന്തർദേശീയവുമായ തിന്മകളും,സാമ്പത്തികവും വ്യക്തിപരവുമായ പ്രശ്നങ്ങളും, അതുപോലെ തന്നെ ഈ കാലഘട്ടത്തിന്റെ സവിശേഷതയായ നാടകീയമായ പാരിസ്ഥിതിക പ്രതിസന്ധിയും ആത്യന്തികമായി ഉണ്ടാകുന്നത് ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നുമുള്ള അകൽച്ചയിൽ നിന്നാണ്. അതിനാൽ, മറന്നുപോയ ഈ ജീവിത സ്രോതസ്സുകൾ കണ്ടെത്താനും, ഈ പുരാതന ജ്ഞാനത്തിൽ മനുഷ്യരാശിയെ സ്വർഗ്ഗത്തിലെ ദൈവാരാധനയിലേക്ക് തിരികെ കൊണ്ടുവരാനും, തന്റെ ഭൂമിക്കുവേണ്ടി അവൻ സൃഷ്ടിച്ച മനുഷ്യരിലേക്ക് അന്യോന്യം അടുപ്പിക്കാനും നമുക്ക് അനന്യവും ഒഴിച്ചുകൂടാനാവാത്തതുമായ ഒരു കടമയുണ്ട്. ഇവയെങ്ങനെ സാധ്യമാകും?

**പ്രാർത്ഥനയിലൂന്നുന്ന സാഹോദര്യം**

നമ്മുടെ മാർഗങ്ങൾ പ്രധാനമായും രണ്ടാണ്: പ്രാർത്ഥനയും സാഹോദര്യവും. വിനയാധിഷ്ഠിതവും, ഫലപ്രദവുമായ ആയുധങ്ങളാണിവ. സമാധാനത്തിന്റെ നാമത്തെ അപമാനിക്കുന്ന, അത്യുന്നതന്റെ യോഗ്യമല്ലാത്ത കുറുക്കുവഴികളിലൂടെയുള്ള മറ്റ് ഉപകരണങ്ങളാൽ പ്രലോഭിപ്പിക്കപ്പെടാൻ നാം നമ്മെത്തന്നെ അനുവദിക്കരുത്. ബലപ്രയോഗവും,അക്രമവും,ആയുധവിപണിയുമെല്ലാം മരണത്തിന്റെ വ്യവഹാരം സൃഷ്ടിച്ചുകൊണ്ട് നമ്മുടെ പൊതുഭവനത്തെ ഒരു ആയുധശേഖരമാക്കി മാറ്റുന്നു.

ഇതിനെല്ലാം പിന്നിൽ എത്രമാത്രം ഇരുൾ നിറഞ്ഞ ഗൂഢാലോചനകളും, വേദനാജനകമായ വൈരുദ്ധ്യങ്ങളും! ഉദാഹരണത്തിന് ആയുധശേഖരണം വഴിയായി സൃഷ്ടിക്കപ്പെടുന്ന സംഘട്ടനങ്ങളാൽ ആളുകൾ അവരുടെ സ്വന്തം ദേശം വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് കുടിയേറിപ്പോകുന്നു. തുടർന്ന് അത്യാധുനിക ആയുധസംരക്ഷണ വേലികളുള്ള മറ്റു രാജ്യങ്ങളുടെ അതിർത്തികളിൽ അവർ തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം ഒരുവന്റെ ജീവിതാനുഭവങ്ങളും, പ്രതീക്ഷകളും രണ്ടു പ്രാവശ്യം കൊല്ലപ്പെടുന്നു. ദാരുണമായ ഈ സാഹചര്യങ്ങളിൽ, ലോകം ശക്തിയുടെയും അധികാരത്തിന്റെയും പണത്തിന്റെയും മാത്രം കൈമറകളെ പിന്തുടരുമ്പോൾ, വേദനിക്കുന്നവന് ശക്തിയായി ദൈവവും, സഹോദരങ്ങളും മറ്റെല്ലാറ്റിനും മുമ്പായി കടന്നുവരുന്നുവെന്നത് മുതിർന്നവരുടെയും പൂർവ്വപിതാക്കന്മാരുടെയും ജ്ഞാനത്തോടെ ഓർക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഒപ്പം സാഹോദര്യവും,ദൈവികതയും നമ്മെ രക്ഷിക്കുമെന്ന ഉറപ്പും.

കുറഞ്ഞപക്ഷം എല്ലാവരും തങ്ങളുടെ ഹൃദയരഹസ്യങ്ങളിലെങ്കിലും സ്വയം ചോദിക്കുന്ന ചോദ്യങ്ങളാണ്: ആരാണ് മനുഷ്യൻ, എന്തുകൊണ്ട് വേദന, തിന്മ, മരണം, അനീതി? ഈ ജീവിതത്തിന് ശേഷം എന്താണ്? പ്രായോഗിക ഭൗതികവാദത്താലും തളർത്തുന്ന ഉപഭോഗ സംസ്കാരത്താലും പലരിലും ഇതേ ചോദ്യങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ, മറ്റുള്ളവർ പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും മനുഷ്യത്വരഹിതമായ വേദനയാൽ നിശ്ശബ്ദരാക്കപ്പെടുന്നു. ഇന്നത്തെ ലോകത്തിലെ പട്ടിണിയും ദാരിദ്ര്യവും നോക്കുമ്പോൾ, നമ്മുടെ ഭാഗത്തുനിന്നുള്ള അവഗണനാപരമായ പെരുമാറ്റങ്ങളും, നമ്മുടെ ഉത്തരവാദിത്വങ്ങളിൽനിന്നുള്ള ഒളിച്ചോട്ടവും വലിയ അപരാധങ്ങളാണ്. മറ്റുള്ളവർക്ക് സമാധാനവും ജീവനും നൽകുന്ന ദൈവത്തെ പ്രസംഗിക്കാതിരിക്കുന്നതും അപരാധം തന്നെ. സഹോദരീസഹോദരന്മാരേ, നമുക്ക് ഈ വലിയ ഉത്തരവാദിത്വങ്ങൾക്ക് പിന്തുണ നൽകാം, ഇന്നത്തെ നമ്മുടെ ഒത്തുചേരലിനെ നമുക്ക് പിന്തുടരാം, നമുക്ക് ഒരുമിച്ച് നടക്കാം! അത്യുന്നതനാലും, അവൻ ഇഷ്ടപ്പെടുന്ന ഏറ്റവും ചെറുതും ദുർബലവുമായ സൃഷ്ടികളാൽ പ്രത്യേകമായി ദരിദ്രരാലും, കുട്ടികളാലും നാം അനുഗ്രഹിക്കപ്പെട്ടും: നിരവധി ഇരുണ്ട രാത്രികൾക്ക് ശേഷം നമ്മുടെ യുവജനങ്ങൾ വെളിച്ചത്തിന്റെയും സമാധാനത്തിന്റെയും പ്രഭാതത്തിനായി കാത്തിരിക്കുന്നു. ❍



# കർഷകരുടെ ജഡങ്ങൾക്കു മീതെ ഭരിക്കുന്നവരുടെ താണ്ഡവ നൃത്തമോ ?

**ആന്റണി ചടയംമുറി**

**വാർത്ത**

സ്വതന്ത്ര കർഷകരുടെ സംഘടന കേരളത്തിലെ കർഷകരെക്കുറിച്ച് കഴിഞ്ഞ വർഷം ഒരു സർവേ നടത്തുകയുണ്ടായി. 74 ശതമാനം കർഷകരും കടക്കെണിയിലാണെന്ന് ഈ സർവേ കണ്ടെത്തിയിരുന്നു. കേരളത്തിലെ ഒരു കർഷകന്റെ ശരാശരി കടബാധ്യത 5.46 ലക്ഷം രൂപയാണ്. ദേശീയ സാമ്പിൾ സർവേയുടെ 2019– ലെ കണക്കിലും ഈ ശരാശരി കടബാധ്യത 2.42 ലക്ഷം രൂപയായിരുന്നു. ഈ ദേശീയ സർവേ ഫലത്തിലും 70 ശതമാനം കർഷകരും കടക്കെണിയിലാണെന്നു പറയുന്നു. രണ്ട് പ്രളയങ്ങളും, കോവിഡും, വർഷം പ്രതിയുള്ള കൃഷിനാശവും കർഷകരെ നിർത്തിപ്പൊരിക്കുകയാണ്. മലബാർ മേഖലയിലാണ് കൂടുതൽ കർഷകർ (77 ശതമാനം) കടക്കെണിയിൽ പെട്ടിട്ടുള്ളത്. തെക്കൻ കേരളം (70%) മധ്യ കേരളം (68%) എന്നിങ്ങനെയാണ് കടബാധ്യത കണക്ക്. കിസാൻ ക്രെഡിറ്റ് കാർഡ് വഴി 4% പലിശയ്ക്ക് കർഷകർക്ക് വായ്പ നൽകണമെന്ന് നിർദ്ദേശമുണ്ടെങ്കിലും 48 ശതമാനം ബാങ്കുകളും ഈ വായ്പ നൽകുന്നില്ല. ഇതിനിടെ കൃഷിനാശം നേരിട്ട കർഷകർക്കുള്ള സർക്കാർ ധനസഹായവും കഴിഞ്ഞ ഒന്നര വർഷമായി കുടിശ്ശികയാണ്! എന്നിട്ടും കോടികൾ മുടക്കി ഇവന്റുകൾ സംഘടിപ്പിച്ച് കൃഷിവകുപ്പ് വാർത്തകളിൽ നിറയുന്നുണ്ട്. എന്തൊരു വിരോധാഭാസമല്ലേ ?

**ചിന്ത**

സർവേസാമ്പത്തിക സാമൂഹിക ജീവിതത്തിന്റെയും ഉറവിടവും കേന്ദ്രവും ലക്ഷ്യവും മനുഷ്യനാണ്.–

**സഭ ആധുനികലോകത്തിൽ – (രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖ) നമ്പർ 63**




Manufactured by :

Palazhi Bio Fertilizers

Palazhi Bio Fertilizers, Kakkad,
Puduppadi, Kozhikode
Customer Care : 9526300066.
Email : palazhibiodairyfarms@gmail.com

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 30-11-2022

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കികൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.

നിങ്ങൾ ഒരു കത്തോലിക്കാ യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ



വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.